# അല്ലാഹുവിന്റെ വചനം

وَلَوْ تَرٰٓى اِذْ وُقِفُوْا عَلَى النَّارِ فَقَالُوْا يٰلَيْتَنَا نُرَدُّ وَلَا نُكَذِّبَ بِاٰيٰتِ رَبِّنَا وَنَكُوْنَ مِنَ الْمُؤْمِنِيْنَ (سورة الانعام:28)

അവർ നരകത്തിന്റെ മുമ്പിൽ നിറുത്തപ്പെടുത്തുമ്പോഴത്തെ അവസ്ഥ നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ പറയും: 'അഹോ കഷ്ടം, ഞങ്ങൾ (ഇഹലോകത്തേക്ക്) തിരിച്ചയക്കപ്പെടുകയും ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ നിഷേധിക്കാതിരിക്കുകയും ഞങ്ങൾ വിശ്വാസികളിൽപെട്ടവരാകുകയും ചെയ്തെങ്കിൽ എത്ര നന്നായേനേ!' (6:28)

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


വാല്യം 7

ലക്കം 08

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഫെബ്രുവരി 24/ഹി.ശം. 1400 തബ്‌ലീഗ് 24/ഹിജ്റ 1443 റജബ് 22


# അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# നബിﷺയുടെ സാരോപദേശം:

### മദീനയുടെ ശ്രേഷ്ഠത

(1871) അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'എല്ലാ നാടുകളേയും തിന്നുന്ന(വിജയിക്കുന്ന) ഒരു നാട്ടിലേക്കു പോകാൻ എനിക്കു കല്പന കിട്ടി. ആളുകൾ അതിനെ യഥ്രിബ് എന്നു വിളിക്കുന്നു. അതു മദീനയാണ്. ഉല ഇരുമ്പിന്റെ കീടത്തെ പുറത്തു കളയുംപോലെ മദീന അതിലെ ദുർജനങ്ങളെ പുറത്തു കളയും.'

നോട്ട്: ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് ഇതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: മദീനയിലെ പവിത്രത തികച്ചും അതേ രീതിയിൽ നിലകൊള്ളുന്നത് ദ്രോഹികളായവർ അവിടെ താമസിക്കാതിരിക്കുമ്പോഴാണ്. പിന്നീടുണ്ടായ സംഭവങ്ങൾ നബി(സ)തിരുമേനിയുടെ ഈ പറച്ചിൽ അക്ഷരംപ്രതി സാക്ഷ്യപ്പെടുത്തി. യഹൂദി ഗോത്രങ്ങൾ ഉടമ്പടി ലംഘിച്ചു. പുറത്തുള്ള ശത്രുക്കളെക്കൊണ്ട് ഗൂഢപദ്ധതി തയ്യാറാക്കി മദീനയുടെമേൽ ആക്രമണം നടത്തിച്ചു. അവസാനം അവരുടെ രാജ്യദ്രോഹം കാരണത്താൽ ഒന്നിനുപിറകെ ഒന്നായി മദീനയിൽനിന്ന് പുറത്താക്കപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞതിന്റെ രണ്ടാമത്തെ ഭാഗവും മദീന ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഒന്നാമത്തെ കേന്ദ്രം ആകുകയും ഖുലഫാഉർറാശിദീന്റെ അനുഗൃഹീതമായ കാലഘട്ടത്തിൽ മഹത്തായ വിജയങ്ങൾ കരസ്ഥമാകുകയും ചെയ്തപ്പോൾ പൂർത്തിയായി. മറ്റു നാടുകളെ തിന്നുക എന്നതിന്റെ അർഥവും അവർ പരാജയപ്പെടുമെന്നാണ്. *(സ്വഹീഹ് ബുഖാരി വാള്യം 3, കിതാബു ഫളാഇലു മദീന, പ്രസാധനം 2008)*


**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**


### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ
14-01-2022, 21-01-2022
സമ്പൂർണ പരിഭാഷ


## ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്‌ലാമിന്റെമേൽ പതിഞ്ഞിട്ടുള്ള ഫിത്ന അകറ്റുന്നതിന് കുറച്ചു ഭാഗഭാക്കാകുക എന്നത് ഒരു മുസ്‌ലിമിന് നിർബന്ധമായ കാര്യമാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

### വിധിക്കപ്പെട്ട കാര്യം

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'നമ്മുടെ ജമാഅത്തിൽ പ്രവേശിക്കാൻ വിധിക്കപ്പെട്ടിട്ടുള്ളവരായ ഒരുപാടാളുകൾ നമ്മുടെ എതിരാളുകളിലുണ്ട്. അവർ എതിർക്കുമ്പോൾ, നിങ്ങൾ അവസാനം ഇവരിൽത്തന്നെ ചേരുമെന്ന് കണ്ട് മലക്കുകൾ അവരെ നോക്കി ചിരിക്കുന്നു. അവസാനം ഒരു നാൾ നമ്മോടൊപ്പം വന്നു ചേരുന്ന നമ്മുടെ മറഞ്ഞിരിക്കുന്ന ഒരു ജമാഅത്താണിത്.'

### ഇക്കാലഘട്ടത്തിലെ വലിയ ആരാധന

"ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്‌ലാമിന്റെമേൽ പതിഞ്ഞിട്ടുള്ള ഫിത്ന അകറ്റുന്നതിന് കുറച്ചു ഭാഗഭാക്കാകുക എന്നത് ഒരു മുസ്‌ലിമിന് നിർബന്ധമായ കാര്യമാണ്. ഈ ഫിത്ന അകറ്റുന്നതിന് എല്ലാ ഓരോരുത്തരും പങ്കെടുക്കുക എന്നതാണ് വലിയ ആരാധാന. ഇക്കാലത്ത് വ്യാപിച്ചിട്ടുള്ള തിന്മകളും അപമര്യാദകളും തങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന പ്രസംഗപരവും ജ്ഞാനപരവുമായ കഴിവുകൾകൊണ്ട്ആത്മാർഥമായ പരിശ്രമത്തോടുകൂടി ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക. ഇവിടെ ആർക്കെങ്കിലും സൗഖ്യവും ആനന്ദവും കിട്ടിയിട്ടെന്തു കാര്യം. ലോകത്തുതന്നെ പ്രതിഫലം പറ്റിയാൽ എന്തു കിട്ടാനാണ്. പരലോകത്തെ പ്രതിഫലമെടുക്കുക. അതിനു പരിധിയില്ല. അല്ലാഹുവിന് സ്വയം തൗഹീദിൽ ആവേശമുള്ളതുപോലെ എല്ലാവർക്കും അല്ലാഹുവിന്റെ തൗഹീദിൽ ആവേശമുണ്ടാകേണ്ടതാണ്. നിങ്ങൾ ചിന്തിക്കുക! ലോകത്ത് നമ്മുടെ നബി(സ)തിരുമേനി പോലെ പീഢിപ്പിക്കപ്പെട്ടയാൾ എവിടെ കിട്ടാനാണ്. ആ മഹാത്മാവിന്റെ നേരെ എറിയപ്പെടാത്തതായ ഒരു മാലിന്യവും ചീത്തയും ശകാരവുമില്ല. അപ്പോൾ മുസ്‌ലിമീങ്ങൾ മൗനമായിരിക്കേണ്ട നേരമാണോ ഇത്? ഈ നേരത്ത് ആരും എഴുന്നേറ്റു നില്ക്കുന്നില്ലെങ്കിൽ സത്യത്തിന് സാക്ഷി പറഞ്ഞ് അസത്യവാനെ നിരുദ്ധകണ്ഠനാക്കുന്നില്ലെങ്കിൽ അവിശ്വാസികൾ നമ്മുടെ നബിയുടെമേൽ അപരാധം പറഞ്ഞുകൊണ്ടിരിക്കുകയും ജനങ്ങളെ വഴികേടിലാക്കിക്കൊണ്ടിരിക്കുകയുമാണെങ്കിൽ ഓർമിക്കുക അവൻ നിസംശയം വലിയ കണക്കു ചോദിക്കലിന് വിധേയനാണ്. നിങ്ങൾക്കെന്തു അറിവും പരിജ്ഞാനവുമാണോ ഉള്ളത് അത് ഈ മാർഗത്തിൽ ചെലവഴിക്കുക. ജനങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിക്കുക. നിങ്ങൾ ദജ്ജാലിനെ വധിക്കുന്നില്ലെങ്കിലും അവൻ വധിക്കപ്പെടുകതന്നെ ചെയ്യുമെന്ന് ഹദീഥിൽനിന്ന് സ്ഥാപിതമാണ്. അത്യുന്നതിക്കുശേഷം അധഃപതനം എന്ന ചൊല്ല് പ്രസിദ്ധമാണ്. 13-ാം നൂറ്റാണ്ടുമുതലാണ് ഈ വിപത്തുകളാരംഭിച്ചത്. ഇപ്പോൾ അതവസാനിക്കേണ്ട നേരം അടുത്തിരിക്കുന്നു. എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ് കഴിയുന്നിടത്തോളം പൂർണമായും ശ്രമിക്കുക എന്നത്. പ്രകാശവും വെളിച്ചവും ജനങ്ങൾക്ക് കാണിച്ചുകൊടുക്കുക." *(മൽഫൂദാത്ത് വാള്യം 1, പേജ് 355-357, പ്രസാധനം 2018 ഖാദിയാൻ)*

## പ്രപഞ്ചം മുഴുവനും ഒരു ചങ്ങലയുടെ കണ്ണികൾ ചേർന്നതാണെന്ന് വരുമ്പോൾ അതു സൃഷ്ച്ചിട്ടുള്ള ദൈവം ഏകനാണെന്ന് സമ്മതിക്കേണ്ടിവരും.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നഹ്ൽ എന്ന അധ്യായത്തിലെ 23-ാം വചനമായ ഇലാഹുക്കും ഇലാഹുൻ വ്വാഹിദുൻ ഫല്ലദീന ലാ യുഅ്മിനൂന ബിൽ ആഖിറത്തി ഖുലൂബുഹും മ്മുൻകിറത്തുൻ വ്വഹും മ്മുസ്തക്ബിറൂൻ എന്ന വചനത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: നിങ്ങളുടെ ദൈവം ഏകനായ ദൈവമാകുന്നുവെന്നത് കേവല വാദമല്ല. വിശുദ്ധ ഖുർആൻ സത്യനിഷേധികളെ സംബോധന ചെയ്യുമ്പോൾ വാദം മാത്രമല്ല സമർപിക്കുന്നത്. കാരണം അവരുടെമേൽ വെറും വാദം ഒരു സ്വാധീനവും ചെലുത്തുകയില്ല. പ്രത്യുത അവർ അത്തരം അവസരത്തിൽ രണ്ടിലൊരു വാദമായിരിക്കും സ്വീകരിക്കുക. ഒന്നുകിൽ വാദം വിവരിച്ചതിനുശേഷം അതിനുള്ള തെളിവു നല്കുന്നു. അല്ലെങ്കിൽ തെളിവുകൾ വിവരിച്ചതിനുശേഷം പിന്നീട് അതിന്റെ ഫലം സമർപിക്കുന്നു. മാനുഷികമായ ബുദ്ധി സംതൃപ്തിയടയുന്ന സ്വാഭാവികമായ മാർഗമാകുന്നു ഇത്. രണ്ടും അതിന്റേതായ രീതിയിൽ അങ്ങേയറ്റം ഫലപ്രദമാണ്. ചില സന്ദർഭങ്ങളിൽ വാദം വിവരിച്ചുകൊണ്ട് പിന്നീട് തെളിവുകൾ നല്കുന്നത് ഫലപ്രദമായിരിക്കും. ചില സന്ദർഭങ്ങളിൽ സംഭവങ്ങൾ വിവരിച്ചുകൊണ്ട് പിന്നീട് അതിന്റെ സ്വാഭാവികമായ ഫലം വിവരിക്കുക ഫലമുളവാക്കുന്നതായിരിക്കും. ഇവിടെ രണ്ടാമത്തെ മാർഗമാണ് സ്വീകരിച്ചിട്ടുള്ളത്. ആദ്യവചനങ്ങളുടെ ബുദ്ധിപരമായ ഫലം അവതരിപ്പിച്ചിരിക്കുന്നു.

ആദ്യ വചനങ്ങളിൽ രണ്ടു വിഷയം വിവരിക്കപ്പെട്ടിരിക്കുന്നു. എല്ലാ പ്രപഞ്ചവും ഒരേയൊരു ബന്ധത്തിൽ കൊരുക്കുപ്പെട്ടിരിക്കുന്നുവെന്നതാണ് ഒന്ന്. ഒരു വസ്തു മറ്റൊന്നുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യസൃഷ്ടിപ്പ് അസലാണ്. അതിന്റെ ആഹാരം ഒന്നാമത്തേത് മൃഗീയപരമായതാണ്. മൃഗങ്ങൾ വൃക്ഷങ്ങൾ തുടങ്ങിയവയിൽനിന്നാണ് ഭക്ഷണം കരസ്ഥമാക്കുന്നത്. പിന്നീട് ആ വൃക്ഷങ്ങളും ചെടികളും ദിവ്യജലത്താൽ വളരുന്നു. ആ വെള്ളം മനുഷ്യന് കുടിക്കാനും പ്രയോജനപ്പെടുന്നു. പിന്നീട് ആ വെള്ളത്തിൽനിന്ന് സസ്യലതാദികൾ മുളയ്ക്കുന്നു. അതു മനുഷ്യന്റെ ആഹാരമായി തീരുന്നു. ഈ എല്ലാ വസ്തുക്കളും രാവ്, പകൽ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങളുടെ സ്വാധീനഫലത്താലാണ് വളരുന്നത്. മറു ഭാഗത്ത് അതു നിലനില്ക്കുന്നതിനുള്ള മാർഗം സമുദ്രമാണ്. അതിൽ വെള്ളത്തിന്റെ ഖജനാവുകളാണുള്ളത്. അതിൽനിന്ന് വെള്ളം അരിച്ച് പിന്നീട് മനുഷ്യർക്കു ലഭിക്കുന്നു. ആ സമുദ്രത്തെ അതിന്റെ സ്ഥാനത്ത് നിലനിറുത്തുന്നതിന് പർവതങ്ങളുണ്ട്. അത് വെള്ളം സമാഹരിച്ചു വെക്കുന്നു. അവിടെനിന്ന് നദികൾ മുഖേന വെള്ളമൊഴുകുന്നു. അത് പ്രത്യേക വഴികളിലൂടെ സഞ്ചരിച്ച് സമുദ്രത്തിൽവന്ന് പതിക്കുന്നു. ഭൂമി മനുഷ്യരുടെ വാസസ്ഥലമാകാതിരിക്കുംവിധം ഭൂമിയുടെ ഉപരിതലത്തിൽ അത് പരന്നു ഒഴുകുകയില്ല. ഈ എല്ലാ കാര്യങ്ങളിൽനിന്ന് വ്യക്തമായൊരു ഫലമുണ്ടാകുന്നു. അതെന്താണെന്നാൽ ലോകത്തെ ഓരോ വസ്തുവും ഒന്നുമറ്റൊന്നുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. ലോകം വിവിധ വസ്തുക്കളുടെ കൂട്ടായ്മയല്ല. പ്രത്യുത അതിന്റെ ഭിന്നത എങ്ങനെയുള്ളതാണെന്നാൽ ഒരു ചങ്ങലയുടെ കണ്ണികൾ പോലെയാണത്. ഏതെങ്കിലും ഒരു കണ്ണി പുറത്തെടുക്കുക

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഹദ്റത്ത് അബൂബക്റിന് വാണിജ്യപരമായ തൊഴിലായതിനാൽ മിക്കപ്പോഴും ഈ വഴിയെ വന്നും പോയും ഇരിക്കുമായിരുന്നു. അതുകൊണ്ട് അധികമാളുകളും അദ്ദേഹത്തെ അറിയുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയെ ആരും അറിയുമായിരുന്നില്ല. അതുകൊണ്ട് അവർ അബൂബക്റിനോടു താങ്കളുടെ മുമ്പേ നടക്കുന്ന ആളാരാണെന്ന് ചോദിക്കുമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)പറയുമായിരുന്നു: **ഹാദർറജുലു യഹ്ദീനി സ്സബീലാ** "ഇത് എന്റെ ഹാദിയാണ്. നേർവഴി കാണിക്കുന്നയാളാണ്."

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

'സുറാഖേ! കിസ്റായുടെ വള നിന്റെ കൈകളിലുണ്ടാകുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും?' സുറാഖ അത്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു: 'ഇറാനിന്റെ രാജാവായ കിസ്റാ ബിൻ ഹുർമുസിന്റെ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ!' അതുകേട്ട് സുറാഖായുടെ കണ്ണുകൾ അന്ധാളിച്ചിരുന്നുപോയി! അറേബ്യൻ മണലാരണ്യത്തിലെ ഒരു ബദ്‌വി എവിടെ? ഇറാനിന്റെ രാജാവായ കിസ്റായുടെ വള എവിടെ? എന്നാൽ, സത്യവാനായ ദൈവത്തിന്റെ തമാശ നോക്കുക! ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇറാൻ വിജയിക്കുകയും കിസ്റായുടെ യുദ്ധമുതലുകൾ മുസ്‌ലിമീങ്ങളുടെ കൈയിൽ വരികയും ചെയ്തപ്പോൾ കിസ്റായുടെ വളയും മദീനയിലെത്തി. ഹദ്റത്ത് ഉമർ സുറാഖയെ വിളിച്ചു. അദ്ദേഹം മക്ക വിജയത്തിനുശേഷം മുസ്‌ലിമായി കഴിഞ്ഞിരുന്നു. തന്റെ കൺമുമ്പിൽവെച്ച് അദ്ദേഹത്തിന്റെ കൈകളിൽ അതുല്യമായ വിലയുള്ള മുത്തുകൾകൊണ്ടു കൊരുത്തപ്പെട്ട കിസറായുടെ വള അണിയിച്ചു.

**എട്ടു ദിവസം യാത്രചെയ്ത് ദൈവിക സഹായത്തോടൊപ്പം അവസാനം തിങ്കളാഴ്ച അവിടന്ന് മദീനയിലേക്കുള്ള വഴിയിലെ ഖുബായിലെത്തി. തിങ്കളാഴ്ചയാണ് അവിടന്ന് ജനിച്ചതെന്ന് ഹദീഥിൽ വന്നിട്ടുണ്ട്. തിങ്കളാഴ്ചയാണ് മക്കയിൽനിന്ന് പുറപ്പെട്ടത്. തിങ്കളാഴ്ച മദീനയിലെത്തുകയും ചെയ്തു. തിങ്കളാഴ്ചയാണ് അവിടന്ന് വഫാത്തായതും!**

നേരം വെളുത്തപ്പോൾ ബുറയ്ദ പറഞ്ഞു: യാ റസൂലല്ലാഹ്! മദീനയിൽ അങ്ങ് പ്രവേശിക്കുന്നത് ഒരു പതാകയുമായിട്ടായിരിക്കണം. പിന്നീട് അദ്ദേഹം തന്റെ തലേക്കെട്ട് തലയിൽനിന്നിറക്കി. അതു തന്റെ കുന്തത്തിൽകെട്ടി. നബിയുടെ മുമ്പിൽ നടക്കാൻ തുടങ്ങി. അങ്ങനെ മുസ്‌ലിമീങ്ങൾ മദീനയിൽ പ്രവേശിച്ചു. മറ്റു അസീറാനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് മോചനത്തിനുള്ള മാർഗം തുറക്കുംമാറാകട്ടെ.

**ചൗദരി അസ്ഗർ അലി സാഹിബ്,വക്കാലത്ത് ഉൽയാ റബ്വയിലെ ഉദ്യോഗസ്ഥൻ മിർസാ മുംതാസ് അഹ്മദ് സാഹിബ്, ഫള്ലെ ഉമർ ഹോസ്പിറ്റലിലെ മുൻ അഡ്മിനിസ്ട്രേറ്ററായിരുന്ന കർണൽ റിട്ടയേർഡ് ഡോക്ടർ അബ്ദുൽ ഖാലിഖ് സാഹിബ് തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2022 ജനുവരി 14/1401 സ്വുൽഹ് 14,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞതിന്റെ മുമ്പേ ചെയ്ത ഖുത്ബയിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്മരണയാണ് നടന്നു വന്നിരുന്നത്. അതിൽ സുറാഖായുടെ സംഭവം പറഞ്ഞിരുന്നു. അദ്ദേഹവും സമ്മാനമോഹത്താൽ നബി(സ)തിരുമേനിയെ പിടിക്കണമെന്ന ഉദ്ദേശ്യത്തോടെ പിന്നാലെ പുറപ്പെട്ടിരുന്നുവെന്ന്! പക്ഷേ, അല്ലാഹുവിന്റെ വിധി അദ്ദേഹത്തിന്റെ മുമ്പിൽ തടസങ്ങൾ സൃഷ്ടിച്ചു. അപ്പോൾ അങ്ങയുടെ ഭരണം നിലവിൽ വരുമ്പോൾ തനിക്ക് അഭയം നല്കേണമെ എന്ന് അദ്ദേഹം നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. ഒരു രേഖ എഴുതിക്കുകയും ചെയ്തു. ഇതു സംബന്ധമായി ചില നിവേദനങ്ങളുണ്ട്. ഒരു നിവേദനമനുസരിച്ച് അദ്ദേഹം മടങ്ങിപ്പോകുമ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: സുറാഖേ! കിസ്റായുടെ വള നിന്റെ കൈയിലുണ്ടാകുമ്പോൾ എന്തായിരിക്കും നിന്റെ അവസ്ഥ. സുറാഖ അത്ഭുതപ്പെട്ടുകൊണ്ടുകൊണ്ട് തിരിയുകയും 'കിസ്റാ ബിൻ ഹുർമുസ്?' എന്നു ചോദിക്കുകയും ചെയ്തു.

അവിടന്ന് പറഞ്ഞു: 'അതേ, കിസ്റാ ബിൻ ഹുർമുസ്തന്നെ! അങ്ങനെ ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കിസ്റായുടെ വളയും അയാളുടെ കിരീടവും അയാളുടെ അരപ്പട്ടയും കൊണ്ടുവരപ്പെട്ടപ്പോൾ ഹദ്റത്ത് ഉമർ(റ) സുറാഖയെ വിളിച്ചു. എന്നിട്ടു പറഞ്ഞു: താങ്കളുടെ കൈ പൊക്കുക!അദ്ദേഹത്തെ വള അണിയിച്ചു. അദ്ദേഹത്തോടു പറഞ്ഞു: 'പറയുക! കിസ്റാബിൻ ഹുർമുസിൽനിന്ന് ഇതു തട്ടിയെടുത്ത് പ്രദാനം ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും.'*(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹൂ, അബ്ദുൽഹമീദ് ജോദ അസ്സിഹാർ, വാല്യം 3, പേജ് 65, അൽഹിജ്റത്തു, മക്തബ മിസ്ർ)*

ഇങ്ങനേയും വിവരം ലഭിക്കുന്നുണ്ട്. ഹിജ്റത്ത് യാത്രയുടെ നേരത്തല്ല, പ്രത്യുത നബി(സ)തിരുമേനി ഹുനയ്നിൽനിന്നും ത്വാഇഫിൽനിന്നും തിരിച്ചുവരുമ്പോൾ സുറാഖ ബിൻ മാലിക് ജിഅ്റാന എന്ന സ്ഥലത്തുവച്ച് ഇസ്‌ലാം സ്വീകരിച്ചു. മക്കയുടേയും ത്വാഇഫിന്റേയും വഴിയിൽ മക്കയുടെ അടുത്തുള്ള ഒരു കിണറിന്റെ പേരാണ് ജിഅ്റാന. അവിടന്ന് സുറാഖയോടു പറഞ്ഞു:'കിസ്റായുടെ വള താങ്കൾ അണിയുമ്പോൾ താങ്കളുടെ അവസ്ഥ എന്തായിരിക്കും!'*(ബുഖാരി ബശറഹ് അൽകിർമാനീ, ഭാഗം 14, പേജ് 178, കിതാബു ബദഉൽഖൽഖ്, ബാബു അലാമാത്തുന്നുബുവ്വത്തി ഫിൽ ഇസ്‌ലാം, ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത്, പേജ് 88, സവാർ അക്കാഡമി കറാച്ചി 2003)*

ഇതു സംബന്ധമായി സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഇങ്ങനെ എഴുതിയിരിക്കുന്നു:'അവിടന്നപ്പോൾ കുറച്ചു ദൂരം പോയതേയുള്ളു, അപ്പോൾ അവരുടെ പിന്നാലെ ഒരാൾ കുതിരയെ ഓടിച്ച് വരുന്നത് ഹദ്റത്ത്

അബൂബക്ർ കണ്ടു. അതുകണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു:'യാ റസൂലല്ലാഹ്! ആരോ നമ്മുടെ പിന്നാലെ വരുന്നുണ്ട്.' അവിടന്ന് പറഞ്ഞു, 'ചിന്താകുലനാകേണ്ട. അല്ലാഹു നമ്മോടൊപ്പമുണ്ട്.' ഈ പിന്തുടർന്ന് വന്ന വ്യക്തി സുറാഖ ബിൻ മാലിക്കായിരുന്നു. അദ്ദേഹം താൻ പിന്തുടർന്ന് വന്ന സംഭവം സ്വയം ഇങ്ങനെ വിവരിക്കുന്നു. നബി(സ)തിരുമേനി പുറപ്പെട്ടപ്പോൾ ഖുറയ്ശിലെ സത്യനിഷേധികൾ ഇങ്ങനെ വിളംബരം ചെയ്തു. ആരെങ്കിലും മുഹമ്മദിനേയും അബൂബക്റിനേയും ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടു വന്നാൽ അയാൾക്ക് ധാരാളം സമ്മാനം നല്കുന്നതായിരിക്കും. ഈ വിളംബരത്തെ സംബന്ധിച്ച് അദ്ദേഹം തന്റെ സന്ദേശവാഹകൻ മുഖേന ഞങ്ങളേയും അറിയിച്ചു.'' സുറാഖ പറയുന്നു:'അതിനുശേഷം ഒരു ദിവസം എന്റെ ജനതയായ ബനൂമുദ്ലജിന്റെ ഒരു മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. ഖുറയ്ശികളുടെ ആ ആളുകളിൽപ്പെട്ട ഒരാൾ ഞങ്ങളുടെ അടുത്തു വന്നു. എന്നോടു പറഞ്ഞു:ഞാനിപ്പോൾ സമുദ്രതീരത്തൂടെ കുറച്ചു രൂപങ്ങൾ പോകുന്നത് ദൂരെനിന്ന് കണ്ടു. ഞാൻ മനസ്സിലാക്കുന്നത് അത് മുഹമ്മദും അയാളുടെ കൂട്ടുകാരനുമാണെന്നാണ്. സുറാഖ പറയുന്നു:'അവർതന്നെയായിരിക്കും അതെന്ന് ഞാൻ ഉടനെ മനസ്സിലാക്കി.'

പിന്നീട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് അതേ വിശദീകരണം വിവരിച്ചു. സുറാഖ പിന്തുടർന്നുവന്ന നേരത്ത്, ശകുനം നോക്കിയതും അത് അദ്ദേഹത്തിനെതിരായി കണ്ടതും അദ്ദേഹത്തിന്റെ കുതിരയുടെ കാലുകൾ മണ്ണിൽ പുതഞ്ഞതുമെല്ലാം പറഞ്ഞു കഴിഞ്ഞതാണ്. എന്തായാലും സുറാഖ പറയുന്നു:'എനിക്കുണ്ടായ ഈ അനുഭവങ്ങളെല്ലാം കാരണത്താൽ ഇദ്ദേഹം ഉന്നതസ്ഥാനത്തുള്ള ആളാണെന്നും അവസാനം നബി(സ) തിരുമേനിതന്നെ വിജയിക്കുമെന്നും ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ രഞ്ജിപ്പിന്റെ രൂപത്തിൽ അവരോടു പറഞ്ഞു: അങ്ങയുടെ ജനത അങ്ങയെ വധിക്കുകയോ അല്ലെങ്കിൽ പിടിച്ചുകൊണ്ടുവരികയോ ചെയ്യുന്നവർക്ക് എത്രത്തോളം സമ്മാനമാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നാൽ, അതുകേട്ട് ആളുകൾ അതിനുവേണ്ടി പരിശ്രമിക്കാൻ തുടങ്ങിയിരിക്കുന്നു. ഞാനും അതിനുവേണ്ടി വന്നതാണ്. എന്നാൽ, ഇപ്പോൾ തിരിച്ചുപോകുകയാണ്.' പിന്നീട് സുറാഖയെ സംബന്ധിച്ച മറ്റു കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. അതിനുശേഷം സുറാഖയെ വള അണിയിക്കുമെന്ന പ്രവചനത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഇങ്ങനെ എഴുതുന്നു:'സുറാഖ മടങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ അവിടന്ന് അദ്ദേഹത്തോടു പറഞ്ഞു:'സുറാഖേ! കിസ്റായുടെ വള നിന്റെ കൈകളിലുണ്ടാകുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും?'സുറാഖ അത്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു: 'ഇറാനിന്റെ രാജാവായ കിസ്റാ ബിൻ ഹുർമുസിന്റെ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ!' അതുകേട്ട് സുറാഖായുടെ കണ്ണുകൾ അന്ധാളിച്ചിരുന്നുപോയി!അറേബ്യൻ മണലാരണ്യത്തിലെ ഒരു ബദ്‌വി എവിടെ? ഇറാനിന്റെ രാജാവായ കിസ്റായുടെ വള എവിടെ? എന്നാൽ, സത്യവാനായ ദൈവത്തിന്റെ തമാശ നോക്കുക! ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇറാൻ വിജയിക്കുകയും കിസ്റായുടെ യുദ്ധമുതലുകൾ മുസ്‌ലിമീങ്ങളുടെ കൈയിൽ വരികയും ചെയ്തപ്പോൾ കിസ്റായുടെ വളയും മദീനയിലെത്തി. ഹദ്റത്ത് ഉമർ സുറാഖയെ വിളിച്ചു. അദ്ദേഹം മക്ക വിജയത്തിനുശേഷം മുസ്‌ലിമായി കഴിഞ്ഞിരുന്നു. തന്റെ കൺമുമ്പിൽവെച്ച് അദ്ദേഹത്തിന്റെ കൈകളിൽ അതുല്യമായ വിലയുള്ള മുത്തുകൾകൊണ്ടു കൊരുത്തപ്പെട്ട കിസറായുടെ വള അണിയിച്ചു.'*(സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 240–242)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ സംഭവം സ്മരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു:'അവർ (മക്കക്കാർ) ആരെങ്കിലും മുഹമ്മദ്(സ)നെ അല്ലെങ്കിൽ അബൂബക്റിനെ ജീവനോടെയോ അല്ലാതെയോ തിരിച്ചുകൊണ്ടുവരികയാണെങ്കിൽ അയാൾക്ക് 100 പെൺ ഒട്ടകം സമ്മാനമായി നല്കുന്നതായിരിക്കുമെന്ന് വിളംബരം ചെയ്തു. ഈ വിളംബരം മക്കയിലെ ചുറ്റുവട്ടത്തുള്ള ഗോത്രങ്ങൾക്ക് അയക്കപ്പെട്ടു. അങ്ങനെ ആ നേരത്ത് ഒരു ബദ്‌വിയായ സുറാഖ ബിൻ മാലിക് നേതാവ് ആ സമ്മാനത്തിന്റെ അത്യാഗ്രഹംകൊണ്ട് അവരുടെ പിന്നാലെ പുറപ്പെട്ടു. അന്വേഷിച്ചന്വേഷിച്ച് അയാൾ മദീനയിലേക്കുള്ള റോഡിൽ നബി(സ) തിരുമേനിയെ കണ്ടു. രണ്ടു ഒട്ടകങ്ങളേയും അതിലെ യാത്രക്കാരേയും അയാൾ കണ്ടപ്പോൾ അത് മുഹമ്മദുറസൂലുല്ലായും അദ്ദേഹത്തിന്റെ കൂട്ടുകാരനുമാണെന്ന് മനസ്സിലായി. അപ്പോൾ അയാൾ തന്റെ കുതിരയെ അവരുടെ പിന്നാലെ ഓടിച്ചു.'

പിന്നീട് മുസ്‌ലിഹ് മൗഊദ്(റ) സുറാഖ കുതിരപ്പുറത്തുനിന്ന് വീണതും ശകുനം നോക്കിയതുമായ എല്ലാ സംഭവങ്ങളും വിവരിച്ചു. അതിനുശേഷം അവിടന്ന് പറയുന്നു: സുറാഖ പറയുന്നു '.......നബി(സ)തിരുമേനി അന്തസ്സിൽ സവാരിചെയ്യുകയായിരുന്നു. അദ്ദേഹം തിരിഞ്ഞു നോക്കുകയേ ചെയ്തിരുന്നില്ല. എന്നാൽ, അബൂബക്ർ(റ) തുടരെത്തുടരെ തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു. (അതുപക്ഷേ, നബി(സ) തിരുമേനിയുടെ രക്ഷയെ കുറിച്ചുള്ള ഉത്കണ്ഠ കൊണ്ടായിരിക്കാം) ഞാൻ സമീപത്തെത്തിയപ്പോൾ, എന്റെ അശ്വം പിന്നെയും മുട്ടുകുത്തി. ഞാൻ തെറിച്ചു വീഴുകയും ചെയ്തു. ഞാൻ പിന്നെയും അസ്ത്രവിക്ഷേപം വഴി ശകുന പരീക്ഷ നടത്തിനോക്കി. അപ്പോഴും അമ്പുകൾ കുറിമാനം തെറ്റിയിരുന്നു. എന്റെ കുതിരയുടെ കുളമ്പുകൾ പൂഴിയിൽ പൂണ്ടുപോയി. വീണ്ടും കുതിരപ്പുറത്തേറി. അനുധാവനം തുടരുക തുലോം വിഷമകരമായിരുന്നു. അപ്പോൾ ഞാൻ മനസ്സിലാക്കി. ആ യാത്രിക സംഘം ദൈവത്തിന്റെ പരിപൂർണ്ണ രക്ഷയിലാണെന്നു. ഞാനവരെ ഉറക്കെ വിളിക്കുകയും നിൽക്കാൻ അഭ്യർഥിക്കുകയും ചെയ്തു. അടുത്തണഞ്ഞപ്പോൾ എന്റെ ദുരുദ്ദേശ്യങ്ങളെക്കുറിച്ചും ഹൃദയമാറ്റത്തെക്കുറിച്ചും ഞാനവരോടു പറഞ്ഞു. ഞാൻ ശ്രമം മതിയാക്കി മടങ്ങിപ്പോവുകയാണെന്നറിയിച്ചു. നബി(സ) തിരുമേനി എന്നെ മടങ്ങിപ്പോവാനനുവദിച്ചു. താൻ എവിടെയാണെന്നും മറ്റുമുള്ള വിവരങ്ങൾ വെളിപ്പെടുത്തരുതെന്നു നിർദ്ദേശിക്കുകയും എന്നിൽനിന്നു ഉറപ്പു വാങ്ങിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഒരു സത്യപ്രവാചകനാണെന്നും അദ്ദേഹം വിജയിക്കുക തന്നെചെയ്യുമെന്നും എനിക്ക് ബോദ്ധ്യമായി. നബി(സ)തിരുമേനി സർവ്വാധിപതിയായിക്കഴിഞ്ഞാൽ എനിക്ക് രക്ഷ നൽകുമെന്നൊരുറപ്പ് എഴുതിത്തരണമെന്നു ഞാനപേക്ഷിച്ചു. അങ്ങനെയൊരുറപ്പ് എഴുതിത്തരാൻ നബി(സ)തിരുമേനി ആമിർ ബിൻ ഫു ഹയ്റയോടു ആവശ്യപ്പെടുകയും അദ്ദേഹം അതെഴുതിത്തരികയും ചെയ്തു. ഞാനതും വാങ്ങിത്തിരിച്ചു വരാൻ തയ്യാറായപ്പോൾ ഭാവിയെപ്പറ്റിയുള്ള ഒരറിയിപ്പടങ്ങിയ വെളിപാട് നബി(സ)തിരുമേനിക്ക് അപ്പോൾ തന്നെ ലഭിച്ചു. നബി(സ)തിരുമേനി പറഞ്ഞു: "സുറാഖാ, കിസ്റായുടെ സ്വർണ്ണ വളകൾ താങ്കളുടെ മണിബന്ധങ്ങളിലണിയുന്ന വേളയിൽ എന്തു തോന്നും?'' ആ പ്രവചനം കേട്ട് അമ്പരന്ന ഞാൻ ചോദിച്ചു. "ഏത് കിസ്റാ? ഇറാൻ ചക്രവർത്തിയായ ഹുർമുസിന്റെ മകൻ കിസ്റായോ?'' പ്രവാചകൻ അതെയെന്നു ഉത്തരമരുളി! *(ഉസ്ദുൽഗാബ).* പതിനാറോ പതിനേഴോ കൊല്ലം കഴിഞ്ഞപ്പോൾ, ഈ പ്രവചനം പ്രത്യക്ഷരം നിറവേറി. സുറാഖത്തിബ്നുമാലിക്ക് ഇസ്‌ലാം മതമാശ്ലേഷിക്കുകയും മദീനയിലേക്ക് യാത്രയാവുകയും ചെയ്തു. നബി(സ)തിരുമേനി ചരമം പ്രാപിച്ചു. തുടർന്നു അബൂബക്റും പിന്നീടു ഉമറും ഇസ്‌ലാമിന്റെ ഖലീഫമാരായി. ഇസ്‌ലാമിന്റെ വർദ്ധമാനമായ സ്വാധീനതകൾ കാരണം അസൂയാലുക്കളായത്തീർന്ന ഇറാനികൾ മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ പ്രചോദിതരായിത്തീർന്നു. എന്നാൽ, അവർ മുസ്‌ലിമീങ്ങളെ കീഴ്പ്പെടുത്തുന്നതിനു പകരം മുസ്‌ലിമീങ്ങളാൽ കീഴ്പ്പെടുത്തപ്പെടുകയാണുണ്ടായത്. ഇറാന്റെ രാജധാനി മുസ്‌ലിമീങ്ങൾ പിടിച്ചടക്കി. രാജധാനിയിലെ മുഴുവൻ നിധികളും അവർക്കധീനമായി. കിസ്റാ ചക്രവർത്തി പ്രത്യേക സന്ദർഭങ്ങളിൽ മാത്രം അണിയാറുള്ള സ്വർണ്ണ വളകളും അക്കൂട്ടത്തിലുണ്ടായിരുന്നു. സുറാഖാ മുസ്‌ലിമായ ശേഷം, താൻ നബി(സ)തിരുമേനിയെയും കൂട്ടുകാരെയും പിടിക്കാൻ ചെന്ന കഥയും താനും നബി(സ)തിരുമേനിയും തമ്മിൽ നടന്ന സംഭാഷണവും വിവരിക്കാറുണ്ടായിരുന്നു. ഇറാനുമായുണ്ടായ യുദ്ധത്തിൽ പിടിച്ചെടുത്ത ഗനീമത്തുകൾ ഹദ്റത്ത് ഉമർ(റ)ന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അദ്ദേഹം ഈ സ്വർണ്ണ വളകൾ കാണുകയും നബി(സ)തിരുമേനി സുറാഖത്തിബ്നുമാലിക്കിനോട് പറഞ്ഞ വാക്കുകൾ അപ്പോൾ അദ്ദേഹത്തിന് ഓർമ്മ വരുകയും ചെയ്തു. അത്യന്തം നിസ്സഹായമായ ഒരു പരിസ്ഥിതിയിൽ നബി(സ)തിരുമേനി ചെയ്ത ഒരു മഹാപ്രവചനമായിരുന്നു അത്. ആ പ്രവചനം അപ്പടി എല്ലാവരുടെയും കൺമുന്നിൽ പൂർത്തീകരിക്കപ്പെടുക തന്നെ വേണമെന്ന് അദ്ദേഹം തീർച്ചയാക്കി. ആകയാൽ, അദ്ദേഹം ഉടൻതന്നെ സുറാഖത്തിനെ വിളിച്ചു വരുത്തുകയും ആ സ്വർണ്ണവളകളണിയാൻ അദ്ദേഹത്തോടാജ്ഞാപിക്കുകയും ചെയ്തു. പുരുഷന്മാർ സ്വർണ്ണവളകളണിയുന്നതു ഇസ്‌ലാമിൽ വിലക്കപ്പെട്ടിരിക്കുകയാണെന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ടു സുറാഖത്ത് വിസമ്മതം കാണിച്ചു. അതു ശരിതന്നെയെങ്കിലും ഈ പ്രത്യേക സന്ദർഭത്തിൽ അതു ബാധകമാകുന്നതല്ലെന്നു ഖലീഫാ ഉമർ(റ) വ്യക്തമാക്കി കൊടുത്തു. കിസ്റായുടെ സ്വർണ്ണ വളകൾ സുറാഖത്തിന്റെ കൈകളിൽ അണിഞ്ഞതായി നബി(സ)തിരുമേനി ദർശനത്തിൽ കണ്ടതാണ്. ആകയാൽ ഒരു ശിക്ഷയെന്നോണമായാലും അവയണിഞ്ഞേതീരൂ എന്നു ഉമർ(റ) നിർബന്ധിച്ചു. നബി(സ)തിരു

മേനിയുടെ ഉപദേശത്തിനു വിരുദ്ധമായി വരരുതെന്നു കരുതിയാണ് സുറാഖാ തടസ്സം പറഞ്ഞത്. അല്ലെങ്കിൽ ആ മഹാപ്രവചനം താൻ മുഖേന പൂർത്തിയാകുന്നതു സ്വന്തം കണ്ണുകൾ കൊണ്ടു കാണാൻ മറ്റാരെക്കാളും അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം ഒടുവിൽ ആ സ്വർണ്ണവളകൾ ധരിക്കുകയും ആ പ്രവചനം പൂർത്തിയായതു മുസ്‌ലിമീങ്ങളെല്ലാം കണ്ടു സാക്ഷ്യം വഹിക്കുകയും ചെയ്തു. *(ഉസൂദൽ ഗാബ).*

അങ്ങനെ അഭയാർഥിയായ പ്രവാചകൻ ഒരു രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹം ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പിൻഗാമികൾക്കു വാക്കുകളും ദർശനങ്ങളും പൂർത്തിയായിട്ടുള്ളതു നേരിട്ടു നോക്കിക്കാണാൻ കഴിയുമാറായി.''*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20 പേജ് 224-226)*

പിന്നീട് പറയുന്നുണ്ട്. തരിച്ചുവരുമ്പോൾ ഖുറയ്ശികൾ നബി[സ]തിരുമേനിയെ അന്വേഷിക്കാൻ അയച്ചിരുന്ന ഒരു സംഘം സുറാഖയോടു അവിടത്തെ സംഘത്തെ കുറിച്ച് ചോദിച്ചു. പക്ഷേ, സുറാഖ നബി[സ]തിരുമേനിയുടെ സംഘത്തെ കുറിച്ച് ഒന്നും പറഞ്ഞില്ലെന്ന് മാത്രമല്ല പ്രത്യുത ഇപ്രകാരം ഏതു രീതിയിൽ സംസാരിച്ചുവെന്നാൽ പിൻതുടർന്ന വന്നവർ അങ്ങനെയങ്ങ് തിരിച്ചുപോയി. *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 249, ജമാഉ അബ്‌വാബുൽഹിജ്റത്തി ഇലൽദീനത്തി, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

ഈ ഹിജ്റത്ത് യാത്രയിൽ ഉമ്മു മഅ്ബദിന്റെ ഒരു സംഭവത്തെ കുറിച്ച് വിവരം ലഭിക്കുന്നുണ്ട്. ഹിജ്റത്തിന്റെ ഈ യാത്രക്കിടയിൽ ഒരു കൂടാരത്തിന്റെ അടുത്തൂടെ കടന്നുപോകുമ്പോൾ പാഥേയാ ന്വേഷണത്തിൽ നബി[സ] തിരുമേനിയുടെ ഈ യാത്രാസംഘം നിന്നു. ഇത് ഉമ്മു മഅ്ബദിന്റെ കൂടാരമായിരുന്നു. ഉമ്മുമഅ്ബദിന്റെ പേര് ആത്തിക്ക ബിൻത് ഖാലിദ് എന്നായിരുന്നു. അവരുടെ ബന്ധം ഖുസാആയുടെ ശാഖയായ ബനൂകഅ്ബുമായിട്ടായിരുന്നു. ഇവർ ഹദ്റത്ത് ഹുബയ്ശ് ബിൻ ഖാലിദിന്റെ സഹോദരിയായിരുന്നു. അദ്ദേഹത്തിന് സ്വഹാബിയാകാനും നിവേദനങ്ങൾ ചെയ്യാനും ഭാഗ്യമുണ്ടായിട്ടുണ്ട്. ഉമ്മു മഅ്ബദിന്റെ ഭർത്താവിന്റെ പേര് അബൂ മഅ്ബദ് എന്നായിരുന്നു. അദ്ദേഹവും നബി[സ] തിരുമേനിയിൽനിന്ന് ഹദീഥ് നിവേദനം ചെയ്തിട്ടുണ്ടെന്ന് പറയപ്പെടുന്നു. അദ്ദേഹം നബി[സ]തിരുമേനിയുടെ ജീവിതത്തിൽ വഫാത്തായി. അബൂമഅ്ബദിന്റെ പേര് അറിയില്ല. ഉമ്മുമഅ്ബദിന്റെ കൂടാരം ഖുദയ്ദ് എന്ന സ്ഥലത്തായിരുന്നു. ഖുദയ്ദ് മക്കയ്ക്കടുത്തുള്ള ഒരു കസബയുടെ പേരാണ്. അത് റാബിഗിൽനിന്ന് കുറച്ചുമൈൽ ദൂരത്ത് തെക്കുഭാഗത്താണുള്ളത്. ഇവിടെയാണ് പേരുകേട്ട മനാത്ത് ബിംബം നാട്ടിയിരുന്നത്. മദീനക്കാർ അതിനെ ആരാധിക്കാറുണ്ടായിരുന്നു.*(അർറൗളുൽ അൻഫ് വാല്യം 2, പേജ് 325, നസബ് ഉമ്മുമഅ്ബദ് വ സൗജുഹാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെസീറത്ത്, പേജ് 232)*

ഉമ്മുമഅ്ബദ് ധീരയും കരുത്തുമുള്ള ഒരു സ്ത്രീയായിരുന്നു. അവർ തന്റെ കൂടാരത്തിന്റെ മുമ്പിലെ മുറ്റത്ത് ഇരിക്കാറുണ്ടായിരുന്നു. അതുവഴി പോകുന്നവരെ തീറ്റിക്കുകയും കുടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. നബി[സ] തിരുമേനിയും അവിടത്തെ സുഹൃത്തും അവരോടു മാംസത്തേയും ഈന്തപ്പഴത്തേയും സംബന്ധിച്ച് ചോദിച്ചു; അവരിൽനിന്ന് അതു വാങ്ങുന്നതിനുവേണ്ടി. പക്ഷേ, അവരുടെ കൈയിൽ അതൊന്നുമുണ്ടായിരുന്നില്ല. അക്കാലത്ത് ഉമ്മുമഅ്ബദിന്റെ ജനത ആശ്രിതരും വരൾച്ചബാധിതരുമായിരുന്നു.ഉമ്മു മഅ്ബദ് പറഞ്ഞു:ഞങ്ങളുടെ കൈയിൽ എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളിൽനിന്ന് അതകറ്റി വെക്കുമായിരുന്നില്ല. കൂടാരത്തിന്റെ കോണിൽ നബി[സ]തിരുമേനി ഒരു ആടിനെ കണ്ടു. ഉമ്മു മഅ്ബദേ! ഈ ആട് എങ്ങനെയുള്ളതാണെന്ന് നബി[സ]തിരുമേനി അവരോടു ചോദിച്ചു. അവർ പറഞ്ഞു:ആട്ടിൻകൂട്ടത്തിൽനിന്ന് ക്ഷീണം പിന്നിലാക്കിയ ആടാണിത്. അതായത് മറ്റു ആടുകളോടൊപ്പം വെളിയിൽ പോയി മേയാൻ അതിനു ശക്തിയില്ല. നബി[സ]തിരുമേനി ചോദിച്ചു: അതിൽ പാലുണ്ടോ? അത് അതിനെക്കാൾ കൂടുതൽ ക്ഷീണിതയാണെന്ന് അവർ പറഞ്ഞു. അതിൽ പാലുണ്ടാകാൻ ഒരു സാധ്യതയുമില്ല. നബി[സ]തിരുമേനി ചോദിച്ചു, എനിക്ക് അതിനെ കറക്കാൻ അനുവാദം തരുമോ? അവർ പറഞ്ഞു:അങ്ങ് അതിൽ പാലു കാണുന്നുണ്ടെങ്കിൽ തീർച്ചയായും കറക്കുക. എനിക്ക് ഒരു എതിർപ്പുമില്ല. അപ്പോൾ നബി[സ] തിരുമേനി ആ ആടിനെ വാങ്ങി. അതിന്റെ അകിടിൽ കൈതടവി. അല്ലാഹുവിന്റെ പേര് ചൊല്ലി. ഉമ്മുമഅ്ബദിനുവേണ്ടി, അവരുടെ ആടിൽ ബർക്കത്തുണ്ടാകുന്നതിന് ദുആ ചെയ്തു. ആട് നബി[സ]തിരുമേനിയുടെ മുമ്പിൽ അനുസരണത്തോടെ നിന്നു. നല്ലവണ്ണം പാലു ചുരത്തി. അയവിറക്കാൻ തുടങ്ങി. പിന്നീട് അവിടന്ന് അവരോടു ഒരു പാത്രം വാങ്ങി. അത് ഒരു യാത്രാസംഘത്തെ മുഴുവൻ വയറുനിറയ്ക്കാൻ ഉതകുന്നതായിരുന്നു. അതിലെത്രമാത്രം പാലു കറന്നുവെന്നാൽ പത അതിന്റെ മുകളിലെത്തി. ഉമ്മു മഅ്ബദിനെ പാലു കുടിപ്പിച്ചു. അവരുടെ വയർ നിറയുന്നതുവരെ കുടിച്ചു. പിന്നീട് അവിടന്ന് തന്റെ സുഹൃത്തിനെ കുടിപ്പിച്ചു. അദ്ദേഹത്തിന്റെ വയറും നിറഞ്ഞു. അവരെല്ലാവരും കുടിച്ചതിനുശേഷം അവിടന്ന് പാലു കുടിച്ചു. ജനതയെ കുടിപ്പിക്കുന്നയാൾ അവസാനമാണ് കുടിക്കുക എന്ന് അവിടന്ന് പറഞ്ഞു. പിന്നീട് കുറച്ചു കഴിഞ്ഞ് മറ്റൊരു പാത്രത്തിൽ അവിടന്ന് പാലു കറന്നു. അതും നിറഞ്ഞു. അത് ഉമ്മുമഅ്ബദിന്റെ വീട്ടിൽ വെച്ചു. പിന്നീട് അവിടന്ന് ആ ആടിനെ വിലക്കുവാങ്ങി. യാത്രപു റപ്പട്ടു. *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 244-245, ഫീ ഹിജ്റത്തി റസൂലില്ലാഹി[സ], പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

എഴുതിയിരിക്കുന്നു:ഒരു ഭാഗത്ത് നബി[സ]തിരുമേനിയും അവിടത്തെ യാത്രയിലെ കൂട്ടുകാരൻ അബൂബക്റും ദൈവികമായ സഹായത്തോടുകൂടി മലക്കുകളുടെ സംരക്ഷണ പ്രഭയിൽ എന്നപോലെ യാത്ര ചെയ്യുകയായിരുന്നു. മറുഭാഗത്ത് മക്കക്കാർ ഇപ്പോഴും പരാജയം സമ്മതിച്ചിരുന്നില്ല.

അവരും നിരന്തരം നബി[സ]തിരുമേനിയെ പിന്തുടർന്നുകൊണ്ടിരുന്നു. ഖുറയ്ശികളുടെ ഭാഗത്തുനിന്ന് പിന്തുടർന്നുകൊണ്ടിരുന്ന ഒരു പാർട്ടി നബി[സ]തിരുമേനിയെ തിരഞ്ഞ് തിരഞ്ഞ് ഉമ്മു മഅ്ബദിന്റെ കൂടാരംവരേയുമെത്തി. ഇക്കൂട്ടർ അവരുടെ യാത്രാവാഹനങ്ങളിൽനിന്ന് ഇറങ്ങിയുടനെ നബി[സ]തിരുമേനിയെ കുറിച്ച് ചോദിക്കാൻ തുടങ്ങി. ഉമ്മു മഅ്ബദ് കുറച്ചു മനസ്സിലാക്കിയിരുന്നു. അവർ പറഞ്ഞു, ഞാനിതുവരെ കേൾക്കാത്തതും എനിക്ക് മനസ്സിലാക്കാൻ സാധിക്കാത്തതുമായ കാര്യങ്ങളാണ് നിങ്ങൾ ചോദിക്കുന്നത്. നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? അവർ തങ്ങളുടെ ചോദ്യത്തിൽ കടുപ്പം കാണിക്കാൻ തുടങ്ങിയപ്പോൾ ആ ധൈര്യവതിയായ സ്ത്രീ പറഞ്ഞു:നോക്കൂ! ഇനി നിങ്ങൾ എന്നിൽനിന്ന് അകന്നു പോയില്ലെങ്കിൽ ഞാനെന്റെ ഗോത്രക്കാരെ വിളിച്ചു വരുത്തും. അവർ ആ സ്ത്രീയുടെ സ്ഥാനവും നിലയും അറിയുന്നവരായിരുന്നു. അതുകൊണ്ട് മടങ്ങിപ്പോകുന്നതാണ് ആരോഗ്യത്തിന് നല്ലതെന്ന് കരുതി മടങ്ങിപ്പോയി.*(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹൂ, അബ്ദുൽഹമീദ് ജോദ അസ്സിഹാർ, വാല്യം 3, പേജ് 67, അൽഹിജ്റത്തു, മക്തബ മിസ്ർ)*

നബി[സ]തിരുമേനി ഇപ്പോൾ വഴിയിൽത്തന്നെയായിരുന്നു. നബിയെ ഹദ്റത്ത് സുബയ്ർ കണ്ടുമുട്ടി. അദ്ദേഹം ഒരു യാത്രാസംഘത്തോടൊപ്പം ശാമിൽനിന്ന് കച്ചവടം കഴിഞ്ഞ് തിരിച്ചുവരികയായിരുന്നു. ഹദ്റത്ത് സുബയ്ർ[റ], നബി[സ]തിരുമേനിയേയും അബൂബക്റിനേയും വെള്ള വസ്ത്രം അണിയിച്ചു.*(സ്വഹീഹുൽബുഖാരി, കിതാബുൽമനാഖിബു, ബാബു ഹിജ്റത്തുന്നബിയ്യി[സ]വ അസ്ഹാബിഹീ ഇലൽമദീനത്തി, ഹദീഥ് നമ്പർ 3906)*

ഈ കൂടിക്കാഴ്ചയെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] ഇങ്ങനെ എഴുതിയിരിക്കുന്നു:വഴിയിൽവെച്ച് സുബയ്ർ ബിൻ അവ്വാമുമായി കൂടിക്കാഴ്ച നടന്നു. അദ്ദേഹം ശാമിൽനിന്ന് കച്ചവടം കഴിഞ്ഞ് മുസ്‌ലിമീങ്ങളുടെ ഒരു ചെറിയ കച്ചവടസംഘത്തോടൊപ്പം മക്കയിലേക്ക് മടങ്ങിപ്പോകുകയായിരുന്നു. സുബയ്ർ ഒരു ജോഡി വെളുത്ത വസ്ത്രം നബി[സ]തിരുമേനിക്കും ഹദ്റത്ത് അബൂബക്റിനും കാഴ്ചവെച്ചു. എന്നിട്ടു പറഞ്ഞു, ഞാനും മക്കയിൽപോയി എത്രയും വേഗം നിങ്ങളെ മദീനയിൽ വന്നു കാണുന്നതായിരിക്കും.*(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 242)*

ബുഖാരിയുടെ ഒരു നിവേദനമുണ്ട്. വഴിയിലൂടെ നടന്നുപോകുമ്പോൾ മറ്റു യാത്രാസംഘക്കാർ, അവർ അബൂബക്റിനെ അദ്ദേഹത്തിന്റെ അധികമായ വാണിജ്യയാത്രകാരണത്താൽ ഇതേ സ്ഥലങ്ങളിൽവെച്ച് കണ്ടുകഴിഞ്ഞിട്ടുള്ളതാണ്-താങ്കളോടൊപ്പം ഇതാരാണെന്ന് ചോദിക്കുമായിരുന്നു. അപ്പോൾ തനിക്ക് വഴി കാണിക്കുന്ന ആളാണെന്ന് അബൂബക്ർ[റ] അവരോടു പറയുമായിരുന്നു. ഹാദർറജുലു യഹ്ദീനീ സ്സബീലാ ഈ വ്യക്തി എനിക്ക് നേർവഴി കാണിക്കുന്നയാളാണ്. അത് ഗൈഡാണെന്ന് ആളുകൾ ധരിക്കുമായിരുന്നു. ഹദ്റത്ത് അബൂബക്ർ ഉദ്ദേശിച്ചത് സന്മാർഗമായിരുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുൽമനാഖിബു, ബാബു ഹിജ്റത്തുന്നബിയ്യി[സ]വ അസ്ഹാബിഹീ ഇലൽമദീനത്തി, ഹദീഥ് നമ്പർ 3911)*

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ]ഇപ്രകാരം എഴുതിയിരിക്കുന്നു:ഹദ്റത്ത് അബൂബക്റിന് വാണിജ്യപരമായ തൊഴിലായതിനാൽ മിക്കപ്പോഴും ഈ വഴിയെ വന്നും പോയും ഇരിക്കുമായിരുന്നു. അതുകൊണ്ട് അധികമാളുകളും അദ്ദേഹത്തെ അറിയുമായിരുന്നു. എന്നാൽ, നബി[സ]തിരുമേനിയെ ആരും അറിയുമായിരുന്നില്ല. അതു

കൊണ്ട് അവർ അബൂബക്റിനോടു താങ്കളുടെ മുമ്പേ നടക്കുന്ന ആളാരാണെന്ന് ചോദിക്കുമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) പറയുമായിരുന്നു:ഹാദർറജുലു യഹ്ദീനീ സ്സബീലാ ഇത് എന്റെ ഹാദിയാണ്. നേർവഴി കാണിക്കുന്നയാളാണ്. അദ്ദേഹം ഏതോ ഗൈഡാണെന്ന് ആളുകൾ മനസ്സിലാക്കുമായിരുന്നു. വഴികാണിക്കുന്നതിന് അബൂബക്ർ കൂടെക്കൂട്ടിയയാളാണെന്ന്! എന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ ഉദ്ദേശ്യം മറ്റൊന്നായിരുന്നു. *(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 242)*

ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: എട്ടു ദിവസം യാത്രചെയ്ത് ദൈവിക സഹായത്തോടൊപ്പം അവസാനം തിങ്കളാഴ്ച അവിടന്ന് മദീനയിലേക്കുള്ള വഴിയിലെ ഖുബായിലെത്തി. തിങ്കളാഴ്ചയാണ് അവിടന്ന് ജനിച്ചതെന്ന് ഹദീഥിൽ വന്നിട്ടുണ്ട്. തിങ്കളാഴ്ചയാണ് മക്കയിൽനിന്ന് പുറപ്പെട്ടത്. തിങ്കളാഴ്ച മദീനയിലെത്തുകയും ചെയ്തു. തിങ്കളാഴ്ചയാണ് അവിടന്ന് വഫാത്തായതും!*(സുബുലുൽഹുദാ വർറശാദ് വാള്യം 3, പേജ് 353, ജമാഉ അബ്‌വാബുൽഹിജ്റത്തി ഇലൽ മദീനത്തി, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 243)*

ഖുബാ എന്നത് ഒരു കിണറിന്റെ പേരാണ്. ഇതുമായിട്ടുള്ള ബന്ധം കാരണത്താൽ നാടിന്റെ പേരും ഖുബാ എന്ന് പ്രസിദ്ധമായി. അവിടെ അൻസ്വാറിന്റെ ഗോത്രമായ ബനൂ അംറ് ബിൻ ഔഫിലെ ആളുകൾ താമസിച്ചിരുന്നു. ഈ നാട് മദീനയിൽനിന്ന് രണ്ടുമൈൽ ദൂരത്താണ്*(മുഅ്ജമുൽബുൽദാൻ ലിശിഹാബുദ്ദീൻ യാഖൂത്തുൽഹമവി, വാള്യം 4, പേജ് 377, ഖുബാ എന്ന പദം, പ്രസാധനം അൽമക്തബത്തുൽ അസ്‌രിയ്യ, ബെയ്റൂത്ത് 2014)*

ചിലരുടെ പക്കൽ ഖുബായുടെ ദൂരം മദീനയിൽനിനിന്ന് മൂന്നു മൈലാണ്. ഇതിനെ ആലിയ എന്നും പറയുന്നു.*(ഫർഹങ്കെ സീറത്ത് പേജ് 230)*

ഇതിനിടയ്ക്ക് നബി(സ)തിരുമേനിയുടെ പുറപ്പാടിനെ കുറിച്ച് മദീനയിലെ മുസ്‌ലിമീങ്ങൾ കേട്ടു കഴിഞ്ഞിരുന്നു. എല്ലാ ദിവസവും രാവിലെ നബി(സ)തിരുമേനിയെ പ്രതീക്ഷിച്ച് മദീനയിലെ ഹർറ പ്രദേശംവരെ അവർ ചെല്ലും. മധ്യാഹ്നത്തിലെ ചൂട് കഠിനമാകുംവരെ അവർ കാത്തു നിൽക്കും. ഒരു ദിവസം വളരെനേരത്തെ കാത്തുനില്പും കഴിഞ്ഞ് അവർ മടങ്ങി. എല്ലാവരും വീടുകളിലെത്തിക്കഴിഞ്ഞ നേരത്ത് ഒരു ജൂതൻ എന്തോ കാര്യത്തിന് അവരുടെ ഒരു കുന്നിൽകയറി നോക്കിയപ്പോൾ നബിയും കൂട്ടുകാരും വരുന്നത് അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. അവരുടെ വെള്ള വസ്ത്രത്തിന്റെ തിളക്കം കാരണം മരീചിക അപ്രത്യക്ഷപ്പെട്ടു. ജൂതന് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അയാൾ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: അറബീ സമൂഹമേ!നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ ലക്ഷ്യം ഇതാ സമീപിച്ചുകൊണ്ടിരിക്കുന്നു. ഇതു കേൾക്കേണ്ട താമസം മുസ്‌ലിമീങ്ങൾ ചാടിയെഴുന്നേറ്റ് ആയുധമണിഞ്ഞുകൊണ്ട് ഹർറ പ്രദേശത്തുവെച്ച് നബിയെ സ്വീകരിക്കാൻ ആവേശഭരിതരായി കാത്തുനിന്നു. അവരേയുംകൊണ്ട് നബി(സ)തിരുമേനി വലതുഭാഗത്തേക്ക് തിരിഞ്ഞ് ബനൂ അംറ് ബിൻ ഔഫ് ഗോത്രത്തിന്റെ കേന്ദ്രത്തിൽ ചെന്നിറങ്ങി. റബീഉൽഅവ്വൽമാസം തിങ്കളാഴ്ച ദിവസമായിരുന്നു അത്. അബൂബക്ർ എഴുന്നേറ്റുനിന്ന് ജനങ്ങളെ സ്വീകരിച്ചുകൊണ്ടിരുന്നു. നബി(സ)തിരുമേനി മൗനമായി ഒരിടത്തിരുന്നു. നബി(സ)തിരുമേനിയെ മുമ്പേ കണ്ടിട്ടില്ലാത്ത അൻസ്വാർ, അബൂബക്റിനെ അഭിവാദ്യം ചെയ്തുകൊണ്ടിരുന്നു. നബി(സ)തിരുമേനിക്ക് വെയിലേൽക്കാൻ തുടങ്ങിയപ്പോൾ അബൂബക്ർ തന്റെ തട്ടംകൊണ്ട് അവിടുത്തേക്ക് തണലിട്ടു കൊടുത്തു. അപ്പോൾ ജനങ്ങൾക്ക് നബി(സ)തിരുമനിയെ മനസ്സിലായി. നബി(സ)തിരുമേനി ബനൂ അംറ് ബിൻ ഔഫ് ഗോത്രത്തിൽ പത്തിലധികം ദിവസം താമസിച്ചു. അനന്തരം തഖ്‌വായിലധിഷ്ഠിതമായ മസ്ജിദ് സ്ഥാപിച്ചു. നബി(സ)തിരുമേനി അതിൽവച്ച് നമസ്കരിച്ചു. *(സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബു ഹിജ്റത്തുന്നബിയ്യി(സ)വ അസ്ഹാബിഹീ ഇലൽമദീനത്തി, ഹദീഥ് നമ്പർ 3906)(സ്വഹീഹ് ബുഖാരി കിതാബുസ്സ്വലാത്ത് ഹദീഥ് നമ്പർ 428)(ഫർഹങ്കെ സീറത്ത് പേജ് 101-102)*

ബുഖാരിയുടെ ഈ നിവേദനമനുസരിച്ച് നബി(സ)തിരുമേനി പത്തുദിവസത്തിലധികം രാത്രികൾ ഖുബായിൽ താമസിച്ചു.

ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ബനൂ അംറ് ബിൻ ഔഫ് അതായത് ഖുബായിൽ തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, നാലു ദിവസമാണ് താമസിച്ചത്. വെള്ളിയാഴ്ച മദീനയിലേക്ക് പുറപ്പെട്ടു. അവിടന്ന് 22 രാത്രി താമസിച്ചുവെന്ന് മറ്റൊരു നിവേദനത്തിൽ പറഞ്ഞിട്ടുണ്ട്.*(അസ്സീറത്തുൽ ഹൽബിയ, വാള്യം 2, പേജ് 75, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്2002)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), നബി(സ)തിരുമേനിയുടെ ഖുബായിലെ ആഗമനത്തിന്റെ വിവരണം നല്കിക്കൊണ്ട് പറയുന്നു:'സുറാഖത്തുമായി വിട്ടുപിരിഞ്ഞശേഷം നബി(സ) തിരുമേനി മദീനയിലേക്കുള്ള പ്രയാണം നിർബാധം തുടർന്നു. മദീനയിലെത്തിയപ്പോൾ ജനങ്ങൾ അക്ഷമരായി കാത്തുനിൽക്കുന്നതായാണവിടുന്നു കണ്ടത്. അവരെ സംബന്ധിച്ചേടത്തോളം അതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരു ദിനം ഉണ്ടായിരുന്നില്ല. എന്തെന്നാൽ മക്കക്കുവേണ്ടി ഉദിച്ചുപൊങ്ങിയ ഒരു സൂര്യൻ ഇപ്പോൾ മദീനക്ക് മുകളിലാണ് തെളിഞ്ഞു പ്രകാശിക്കുമാറായിരിക്കുന്നത്! നബി(സ)തിരുമേനി മക്കയിൽനിന്നു പുറപ്പെട്ട വിവരം മദീനക്കാർക്ക് മുൻകൂട്ടിത്തന്നെ ലഭിച്ചു കഴിഞ്ഞിരുന്നു. അവർ അദ്ദേഹത്തിന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവരിൽ ചില സംഘങ്ങൾ അദ്ദേഹത്തെ കാണാനായി മദീനക്ക് പുറത്ത് നാഴികകളോളം മുന്നോട്ടു നീങ്ങി. രാവിലെ പുറപ്പെട്ടവർ വൈകുന്നേരമായപ്പോൾ നിരാശരായി മടങ്ങി. ഒടുവിൽ നബി(സ) തിരുമേനി മദീനയിൽ എത്തി. മദീനയ്ക്ക് സമീപമുള്ള ഖുബാ എന്ന ഗ്രാമത്തിൽ കുറച്ചിട തങ്ങുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. രണ്ടു ഒട്ടകങ്ങൾ വരുന്നത് ഒരു ജൂതൻ കണ്ടിട്ടുണ്ടായിരുന്നു. അവ നബി(സ)തിരുമേനിയേയും സഖാക്കളേയും വഹിച്ചു കൊണ്ടു വരുന്നവയാണെന്ന് അയാൾ മനസ്സിലാക്കി. ഉടനെ അയാൾ ഒരുയർന്ന സ്ഥാനത്ത് കയറി നിന്നുകൊണ്ടുറക്കെ വിളിച്ചുപറഞ്ഞു: "ഓ ഖൈലാ മക്കളേ, നിങ്ങൾ കാത്തു കൊണ്ടിരിക്കുന്ന ആ പൂമാൻ ഇതാ വന്നെത്തി!'' ഈ വിവരം അറിഞ്ഞ ഉടനെ മദീനക്കാർ ഖുബായിലേക്ക് കുതിച്ചെത്തി. ഖുബാനിവാസികളാകട്ടെ, തങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രവാചകൻ വന്നെത്തിയതിലുള്ള അത്യാമോദത്താൽ അദ്ദേഹത്തിന്റെ ബഹുമാനാർഥം പാട്ടുകൾ പാടി ആഹ്ലാദം കൊണ്ടു.

നബി(സ)തിരുമേനിയുടെ പരമമായ ലളിതസ്വഭാവം ഖുബായിൽ വെച്ചുണ്ടായ ഒരു സംഭവത്തിൽ നിന്നു മനസ്സിലാക്കാം. മദീനാവാസികളിലധികവും മുമ്പൊരിക്കലും നബി(സ)തിരുമേനിയെ കണ്ടിട്ടുണ്ടായിരുന്നില്ല. നബി(സ) തിരുമേനിയും സഖാക്കളും ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുന്നതു കണ്ടപ്പോൾ, പലരും ഹദ്റത്ത് അബൂബക്റിനെ പ്രവാചകനെന്നു തെറ്റിദ്ധരിക്കാനിടയായി. അബൂബക്ർ(റ) നബി(സ) തിരുമേനിയേക്കാൾ വയസ്സു കുറഞ്ഞ ആളായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ താടിരോമങ്ങൾ കൂടുതൽ നരച്ചിട്ടുണ്ടായിരുന്നതിനു പുറമെ താരതമ്യേന നല്ല വസ്ത്രം ധരിച്ചിട്ടുമുണ്ടായിരുന്നു. ആകയാൽ, മദീനക്കാർ അദ്ദേഹത്തിന്റെ ഭാഗത്തേക്ക് തിരിയുകയും പ്രവാചകനോടെന്നപോലെ വന്ദിച്ചു അദ്ദേഹത്തിന്റെ മുമ്പിലിരിക്കുകയും ചെയ്തു. താനാണ് പ്രവാചകനെന്നു തെറ്റുദ്ധരിച്ചിരിക്കുന്നുവെന്നു കണ്ടപ്പോൾ അബൂബക്ർ(റ) ഉടനെ എഴുന്നേറ്റു തന്റെ പുറംകോട്ട് ഊരിയെടുത്തു നബി(സ)തിരുമേനിയുടെ തലക്ക് മീതെ തണലുണ്ടാവാമെന്നോണം തൂക്കിയിട്ടുകൊണ്ടു പറഞ്ഞു. "അല്ലാഹുവിന്റെ റസൂലേ, അങ്ങു വെയിലു കൊള്ളുകയാണ്. ഞാനങ്ങേയ്ക്ക് തണലുണ്ടാക്കട്ടെ!'' *(ബുഖാരി)* സൗമനസ്യത്തിലൂടെ അദ്ദേഹം മദീനക്കാർക്ക് അവരുടെ തെറ്റ് യുക്തിപൂർവ്വം മനസ്സിലാക്കി

ശേഷം പേജ് 9 ൽ

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചു കൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## ഖുത്ബ ജുമുഅ

പടച്ചട്ട അണിഞ്ഞതിനു ശേഷം അല്ലാഹുവിൽനിന്ന് ഒരു തീരുമാനം വരുന്നതിനുമുമ്പേ അത് അഴിച്ചുമാറ്റുകയെന്നത് അല്ലാഹുവിന്റെ പ്രവാചകന്റെ പ്രൗഢിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഇനി അല്ലാഹുവിന്റെ നാമവും ഉച്ചരിച്ച് നീങ്ങുവിൻ! നിങ്ങൾ ക്ഷമാപൂർവം പ്രവൃത്തിക്കുകയാണെങ്കിൽ ഉറപ്പിച്ചുകൊള്ളുക അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പം ആയിരിക്കും.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

മദീനയിലെത്തിയശേഷം നബി(സ)തിരുമേനി ഏറ്റവുമാദ്യം ശ്രദ്ധിച്ചത് മസ്ജിദ് നിർമാണത്തിലായിരുന്നു. ചരിത്രത്തിൽനിന്ന് അറിയാൻ കഴിയുന്നത് നബി(സ)തിരുമേനി സ്വഹാബാക്കളിൽ രണ്ടുതവണ മുആഖാത്ത് അഥവാ സഹോദനാക്കൽ സ്ഥാപിച്ചിരുന്നുവെന്നാണ്. ഒരുതവണ ഹിജ്റത്തിനുമുമ്പേ, രണ്ടാം തവണ മദീനയിലും.

ബദ്ർ യുദ്ധത്തിന് പുറപ്പെടുന്ന നേരത്ത് സ്വഹാബാക്കളുടെ പക്കൽ 70 ഒട്ടകങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഒരു ഒട്ടകം മൂന്ന് പേർക്ക് വീതമാണ് നിശ്ചയിച്ചിരുന്നത്. ഓരോരുത്തരും ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും ഊഴമനുസരിച്ച് ഒരു ഒട്ടകപ്പുറത്ത് യാത്ര ചെയ്തിരുന്നു.

**ഹദ്റത്ത് അബൂബക്ർ(റ)ഈ താവളത്തിൽ ഊരിപ്പിടിച്ച വാളുമേന്തി നബി(സ)തിരുമേനിക്ക് കാവൽ നില്ക്കുകയുണ്ടായി. നബി(സ)തിരുമേനി രാത്രി മുഴുവൻ കരഞ്ഞ് ദുആ ചെയ്തുകൊണ്ടിരുന്നു. എഴുതുന്നു: 'രാത്രി മുഴുവൻ ഉറക്കമിളച്ചത് അദ്ദേഹം മാത്രമായിരുന്നു. മറ്റെല്ലാവരും ഊഴമനുസരിച്ച് ഉറങ്ങുകയുണ്ടായി.**

**ഖുത്ബ ജുമുഅ 2022 ജനുവരി 21/1401 സ്വുൽഹ് 21, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നുവരുന്നത്. മദീനയിൽ എത്തിയ ശേഷം ഏറ്റവുമാദ്യം ശ്രദ്ധ നല്കിയത് മസ്ജിദ് നിർമാണത്തിനായിരുന്നു. അതിനെപറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതുന്നു:'മദീന വാസത്തിൽ ആദ്യത്തെ പ്രവർത്തനം മസ്ജിദ് നബ്‌വിയുടെ നിർമാണമായിരുന്നു. നബി(സ)തിരുമേനിയുടെ ഒട്ടകം വന്നിരുന്ന സ്ഥലം മദീനയിലെ രണ്ട് മുസ്‌ലിം കുട്ടികളായ സഹ്‌ലിന്റെയും സുഹയ്‌ലിന്റേയും ഉടമസ്ഥതയിലുള്ളതായിരുന്നു. അവർ ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ മേൽനോട്ടത്തിലാണ് കഴിഞ്ഞിരുന്നത്. ഈ സ്ഥലം ഒരു ഒഴിഞ്ഞ പ്രദേശമായിരുന്നു. അതിന്റെ ഒരു ഭാഗത്ത് അങ്ങിങ്ങായി ഈന്ത മരങ്ങൾ ഉണ്ടായിരുന്നു. മറുഭാഗത്ത് കുന്നിൻ ചെരിവും മറ്റുമായിരുന്നു. നബി(സ)തിരുമേനി ആ പ്രദേശം മസ്ജിദിനും തന്റെ മുറികൾക്കുമായി ഇഷ്ടപ്പെടുകയുണ്ടായി. 10 ദീനാർ അതായത് അവർ അക്കാലത്തെ രൂപയുടെ വിലയാണ് നിശ്ചയിച്ചത്. പത്ത് ദീനാറിന് ഭൂമി വിലക്ക് വാങ്ങി. ഭൂമി നിരപ്പാക്കി മരങ്ങൾ വെട്ടിമാറ്റി മസ്ജിദ് നബ്‌വിയടെ നിർമാണം ആരംഭിച്ചു. നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ട് അടിസ്ഥാന ശില വെച്ചു. ഖുബാമസ്ജിദിൽ ചെയ്തപോലെ സ്വഹാബാക്കൾ മേസ്തിരിമാരുടേയും തൊഴിലാളികളുടേയും ജോലി ചെയ്തു. അതിൽ ഇടക്കിടെ നബി(സ)തിരുമേനിയും പങ്കെടുത്തുകൊണ്ടിരുന്നു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 269)*

നേരത്തെ വിവരിച്ചപോലെ മസ്ജിദിനും തന്റെ മുറികൾക്കുമുള്ള സ്ഥലം നബി(സ)തിരുമേനി 10 ദീനാറിന് വിലക്കു വാങ്ങുകയാണ് ചെയ്തത്. നിവേദനങ്ങളിൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ ധനത്തിൽ നിന്നാണ് ഈ തുക നല്കിയതെന്ന് വന്നിട്ടുണ്ട്.*(അൽമവാഹിബുല്ലദുന്നിയ, വാല്യം 1, പേജ് 316, പ്രസാധകർ അൽമക്തബുൽഇസ്‌ലാമി 2004)*

മസ്ജിദ് നിർമാണത്തെ പറ്റി കൂടുതൽ വിവരണം ഇങ്ങനെ കാണാം. നിർമാണം ആരംഭിച്ചപ്പോൾ നബി(സ)തിരുമേനി തന്റെ പരിശുദ്ധ കരങ്ങളാൽ അടിസ്ഥാന ശില വെച്ചു. പിന്നെ ഹദ്റത്ത് അബൂബക്ർ(റ)നെ വിളിച്ചു. അദ്ദേഹം നബി(സ)തിരുമേനിവെച്ച കല്ലിനോടു ചേർന്ന് ഒരു കല്ലുവെച്ചു. പിന്നെ ഹദ്റത്ത് ഉമറിനെ വിളിച്ചു. അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)വെച്ച കല്ലിനോടു ചേർത്ത് മറ്റൊരു കല്ല് വെച്ചു. പിന്നെ ഹദ്റത്ത് ഉഥ്മാനെ വിളിച്ചു. അദ്ദേഹം ഉമർ വെച്ച കല്ലിനോടുചേർത്ത് ഒരു കല്ല് വെക്കുകയുണ്ടായി.

മറ്റൊരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി മസ്ജിദ് നബ്‌വിയുടെ നിർമാണം തുടങ്ങിയപ്പോൾ നബി(സ)തിരുമേനി ഒരു കല്ലു വെച്ചു. ഹദ്റത്ത് അബൂബക്ർ(റ)നോട് പറഞ്ഞു: നിങ്ങളുടെ കല്ല് എന്റെ കല്ലിനോടു ചേർത്തുവെക്കുക. പിന്നെ നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോട് പറഞ്ഞു: നിങ്ങളുടെ കല്ല് അബൂബക്റിന്റെ കല്ലിനോടു ചേർത്തുവെക്കുക. പിന്നെ ഉഥ്മാനോട് പറഞ്ഞു:നിങ്ങളുടെ കല്ല് ഉമറിന്റെ കല്ലിനോടു ചേർത്തുവെക്കുക. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, ബാബുൽഹിജ്റ, പേജ് 90, ദാറുൽകുതുബുൽഇൽമിയ്യബെയ്റുത്ത് 2002)*

ഹിജ്റ വർഷം മുഹർറം 7 ന് ഖയ്ബർ യുദ്ധത്തിൽനിന്ന് വിജയശ്രീലാളിതനായി തിരിച്ചു വന്ന ശേഷം മസ്ജിദ് നബ്‌വിയെ വിശാലമാക്കാനും പുതുക്കിപ്പണിയാനും നബി(സ)തിരുമേനി നിർദേശിച്ചു. ഇത്തവണയും നബി(സ)തിരുമേനി സ്വഹാബാക്കളുമായി ചേർന്ന് മസ്ജിദ് നിർമാണത്തിൽ പങ്കെടുത്തു. *(ജുസ്തജൂയെ മദീന, പേജ് 446, ഓറിയന്റൽ പബ്ലിക്കേഷൻസ്, പാക്കിസ്താൻ)*

ഉബയ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു. നബി(സ)തിരുമേനി മദീനയിൽ വീടുകൾക്ക് വേണ്ടി ഭൂമി നല്കിയപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ന് അദ്ദേഹത്തിന്റെ വീട് മസ്ജിദിന്റെ അടുത്തു തന്നെ നിശ്ചയിക്കുകയുണ്ടായി. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 93, അബൂബക്ർസിദ്ദീഖ് , ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1996)*

ഹദ്റത്ത് അബൂബക്റിന്റെ സാഹോദര്യബന്ധത്തെ സംബന്ധിച്ച് നിവേദനങ്ങളിൽ പറയുന്നുണ്ട്. നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഖാരിജ ബിൻ സയ്ദിനേയും സഹോദരന്മാരാക്കി. *(അൽഇസ്വാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 2, പേജ് 190, ഖാരിജ ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)*

ഒരു നിവേദനത്തിലുണ്ട്: നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും സഹോദരന്മാരാക്കി.*(അത്ത്വബഖാ*

*ത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 93, അബൂബക്ർസിദ്ദീഖ് , ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1996)*

ഹദ്റത്ത് ഉമറുമായിട്ടുള്ള സൗഹൃദമാക്കൽ മക്കയിലാണ് ഉണ്ടായിരുന്നത്. ഇതു സംബന്ധിച്ച് നിവേദനങ്ങളിൽ പറയുന്നു: അതായത് ഹദ്റത്ത് ഉമറുമായിട്ടുള്ള സഹോദരനാക്കൽ മക്കയിലാണ് ഉണ്ടാക്കിയത്. അല്ലാമ ഇബ്നു അസാക്കിർ എഴുതുന്നു: മക്കയിൽ നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനും, ഹദ്റത്ത് ഉമർ ബിൻ ഖത്താബിനും ഇടയിൽ സാഹോദര്യബന്ധമുണ്ടാക്കി. പിന്നെ നബി(സ) തിരുമേനി മദീനയിൽ വന്നപ്പോൾ രണ്ടു സഹോദരനാക്കലൊഴികെ മറ്റുള്ളവയെല്ലാം കാലഹരണപ്പെടുത്തുകയുണ്ടായി. ഒന്ന്, നബി(സ)തിരുമേനിയും ഹദ്റത്ത് അലിയും തമ്മിലുള്ള സാഹോദര്യബന്ധം. മറ്റൊന്ന് ഹദ്റത്ത് ഹംസയും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും തമ്മിലുള്ള സാഹോദര്യബന്ധം. *(താരീഖ് ദിമിശ്ഖുൽ കബീർ ലി ഇബ്നി അസാക്കിർ, വാല്യം 16, ഭാഗം 32, പേജ് 63, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ ബിൻ ഖുഹാഫ, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 2001)*

എപ്പോഴാണ് 'മുആഖാത്ത്' ഉണ്ടായത്? ഇതു സംബന്ധമായി ചരിത്രത്തിൽ പറയുന്നു: മുആഖാത്ത് അഥവാ സഹോദരനാക്കൽ 2 തവണയാണുണ്ടായത്. സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ഖുസ്ത്വലാനി വിവരിക്കുന്നു: മുആഖാത്ത് 2 തവണ ഉണ്ടായിട്ടുണ്ട്. ആദ്യത്തെ പ്രാവശ്യം ഹിജ്റത്തിന് മുമ്പേ മക്കയിൽ മുസ്‌ലിമീങ്ങൾക്കിടയിൽ. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിലും ഹദ്റത്ത് ഹംസയും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും തമ്മിലും ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും തമ്മിലും ഹദ്റത്ത് അലിയും നബി താഹ(സ) തമ്മിലും മുആഖാത്ത് സ്ഥാപിച്ചു. പിന്നെ നബി(സ)തിരുമേനി മദീനയിലേക്ക് പോയപ്പോൾ മുഹാജിരീങ്ങളും അൻസ്വാറും തമ്മിൽ ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ വീട്ടിൽവെച്ച് സാഹോദര്യം സ്ഥാപിച്ചു. ഇബ്നു സഅ്ദ് വിവരിക്കുന്നു: നബി(സ)തിരുമേനി 100 സ്വഹാബാക്കൾക്കിടയിൽ അതായത് 50 മുഹാജിരീങ്ങൾക്കും 50 അൻസ്വാറിനുമിടയിൽ സാഹോദര്യം സ്ഥാപിക്കുകയുണ്ടായി.*(ഇർശാദുസ്സാരി, ശറഹ് സ്വഹീഹു ബുഖാരി, ഭാഗം 7, പേജ് 133, ഹദീഥ് നമ്പർ 3937, ദാറുൽഫിക്ർ 2010)*

ബദ്ർ യുദ്ധവും ഹദ്റത്ത് അബൂബക്റും: ഇതു സംബന്ധിച്ച് പറയുന്നു, ബദ്ർ യുദ്ധം ഹിജ്റ 2-ാം വർഷം റമളാൻ മാസത്തിൽ അതായത് 623 മാർച്ച് മാസമാണ് ഉണ്ടായത്.*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ്349)*

ബദ്ർ യുദ്ധത്തിന് പുറപ്പെടുന്ന നേരത്ത് സ്വഹാബാക്കളുടെ പക്കൽ 70 ഒട്ടകങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഒരു ഒട്ടകം മൂന്ന് പേർക്ക് വീതമാണ് നിശ്ചയിച്ചിരുന്നത്. ഓരോരുത്തരും ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും ഊഴമനുസരിച്ച് ഒരു ഒട്ടകപ്പുറത്ത് യാത്ര ചെയ്തിരുന്നു. *(അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്ർ മഗാസിയ, വാല്യം 2, പേജ് 204, ദാറുൽകുതുബുൽഇൽമിയ്യബെയ്റുത്ത് 2002)*

ബദ്റിനുവേണ്ടി നബി(സ)തിരുമേനി യാത്ര പുറപ്പെട്ടത് സംബന്ധിച്ച് പറയുന്നു: നബി(സ) തിരുമേനി അബൂസുഫ്‌യാന്റെ സംഘത്തെ തടയാൻവേണ്ടി മദീനയിൽനിന്ന് പുറപ്പെട്ടു. അവർ ശാമിൽനിന്ന് വരികയായിരുന്നു. മുസ്‌ലിമീങ്ങളുടെ സംഘം സ്വഫ്റാഅ് താഴ്‌വരയിൽ (ഇത് മദീനയുടെ പ്രാന്തപ്രദേശത്തുള്ള സ്വഫ്റാഅ് താഴ്‌വരക്ക് സമീപമുള്ള ഒരു താഴ്‌വരയാകുന്നു.) എത്തിയപ്പോൾ നബി(സ)തിരുമേനിക്ക് ഖുറയ്ശികൾ തങ്ങളുടെ കച്ചവടസംഘത്തെ രക്ഷിക്കാൻ പുറപ്പെട്ടിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. നബി(സ)തിരുമേനി സ്വഹാബാക്കളോട് കൂടിയാലോചന നടത്തി. അവരോട് പറഞ്ഞു: 'മക്കയിൽ നിന്ന് ഒരു സൈന്യസംഘം വളരെ ദ്രുതഗതിയിൽ പുറപ്പെട്ടിരിക്കുന്നു. സൈന്യത്തെ എതിരിടുന്നതിനേക്കാൾ നിങ്ങൾ കച്ചവട സംഘത്തെ എതിരിടാനാണോ കൂടുതൽ താല്പര്യപ്പെടുക? അവർ പറഞ്ഞു: 'എന്തുകൊണ്ടില്ല?' അതായത് അക്കൂട്ടർ പറഞ്ഞു, 'തങ്ങൾ ശത്രുസൈന്യത്തെ എതിരിടുന്നതിനെക്കാൾ കച്ചവടസംഘത്തെ നേരിടാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്.' ഒരു നിവേദനത്തിൽ പറയുന്നു: ഒരു സംഘം പറഞ്ഞു, 'അങ്ങ് ഞങ്ങളോട് എന്തുകൊണ്ട് യുദ്ധത്തെ പറ്റി പറഞ്ഞില്ല? അങ്ങനെ ആയിരുന്നുവെങ്കിൽ ഞങ്ങൾ അതിന് തയ്യാറെടുപ്പ് നടത്തുമായിരുന്നല്ലോ? ഞങ്ങൾ കച്ചവടസംഘത്തെ ലക്ഷ്യമാക്കിയാണ് പുറപ്പെട്ടത്. മറ്റൊരു നിവേദനത്തിൽ പറയുന്നു: അവർ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ! കച്ചവട സംഘത്തെ ലക്ഷ്യമാക്കി തന്നെ നീങ്ങേണ്ടതാണ്. അങ്ങ് ശത്രുക്കളെ അവഗണിച്ചാലും.' അപ്പോൾ നബി(സ)തിരുമേനിയുടെ മുഖം വിവർണമായി. ഹദ്റത്ത് അബൂ അയ്യൂബ് പവിവരിക്കുന്നു: ഈ ആയത്ത് ഇറങ്ങാനുള്ള കാരണം ഇതേ സംഭവമാണ്. **കമാ അഖ്റജക്ക റബ്ബുക്ക മിൻ ബയ്ത്തിക്ക ബിൽഹഖ്ഖി വ ഇന്ന ഫരീഖൻമ്മനിൽമുഅ്മിനീന ല കാരിഹൂന** (8:6) അതായത് സത്യവിശ്വാസികളിലൊരു വിഭാഗം വെറുത്തവരായിരിക്കെ നിന്റെ നാഥൻ നിന്നെ സ്വവസതിയിൽ നിന്ന് പുറത്തുകൊണ്ടുവന്നതുപോലെ(അവൻ തന്റെ ദാസർക്ക് വിജയവും യുദ്ധമുതലുകളും പദവികളും മാന്യമായ ജീവിതവിഭവങ്ങളും നല്കുന്നതാണ്). അപ്പോൾ ഹദ്റത്ത് അബൂബക്ർ (റ) എഴുന്നേറ്റു പ്രഭാഷണം തുടങ്ങി. നല്ല പ്രഭാഷണമാണ് ചെയ്തത്. തുടർന്ന് ഹദ്റത്ത് ഉമർ എഴുന്നേറ്റ് പ്രഭാഷണം തുടങ്ങി. അദ്ദേഹവും നല്ല പ്രഭാഷണം നടത്തി. ശേഷം ഹദ്റത്ത് മിഖ്ദാദ് എഴുന്നേറ്റു പറഞ്ഞു; യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയ്ക്ക് നല്കിയ കല്പനയ്ക്ക് അനുസൃതം നീങ്ങിയാലും. ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്. ബനീ ഇസ്റാഈൽ മൂസയോട് പറഞ്ഞപോലെ **ഫദ്ഹബ് അൻത വ റബ്ബുക്ക ഫ ഖാത്തിലൻ ഇന്നാ ഹാഹുനാ ഖായിദൂൻ**(5:25) (നീയും നിന്റെ റബ്ബുംപോയി അവരോടു യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം) എന്ന് ഞങ്ങൾ പറയുകയില്ല. മറിച്ച് ഞങ്ങൾക്ക് ജീവനുള്ളിടത്തോളം അങ്ങയോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുന്നതാണ്. അങ്ങയെ സത്യവുമായി നിയോഗിച്ച അല്ലാഹുവാണ! അങ്ങ് ഞങ്ങളെ ബർഖുൽഗിമാദിലേക്ക് കൊണ്ടുപോകുകയാണെങ്കിലും ശരി. ഞങ്ങൾ മുന്നോട്ടുതന്നെ ഗമിച്ച് ലക്ഷ്യസ്ഥാനത്ത് എത്തുന്നതാണ്.

ബർഖുൽ ഗിമാദിലേക്ക് മക്കയിൽനിന്ന് 5 രാത്രി യാത്രാ ദൂരമുള്ള ഒരു നഗരമാണ്. അതു സമുദ്രവുമായ ചേർന്നു കിടക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് വിവരിക്കുന്നു:ഞാൻ നബി(സ)തിരുമേനിയുടെ മുഖകമലം നോക്കി. അത് ഇക്കാര്യത്തിൽ വിളങ്ങിയിരുന്നു. നബി(സ)തിരുമേനി ഇക്കാര്യത്തിൽ വളരെയേറെ സന്തോഷിച്ചു.*(അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്റു മഗാസിയ, വാല്യം 2, പേജ് 205-206, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002) (മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 475, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

പിന്നീട് നബി(സ)തിരുമേനി ദഫിറാനിൽനിന്ന് പുറപ്പെട്ടു. ബദ്റിന്നടുത്ത് താവളമടിച്ചു. പിന്നെ നബി(സ)തിരുമേനിയും അവിടത്തെ അസ്ഹാബിൽപ്പെട്ട ഒരാളും യാത്രയായി. ഇബ്നു ഹിശാം പറഞ്ഞതനുസരിച്ച് അത് ഹദ്റത്ത് അബൂബക്ർ(റ)ആയിരുന്നു. മറ്റൊരു നിവേദനമനുസരിച്ച് അബൂബക്റിന്റെ സ്ഥാനത്ത് ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാനോ ഹദ്റത്ത് മുആദ് ബിന് ജബലോ ആയിരുന്നു ആ വ്യക്തി. നബി(സ)തിരുമേനി അറേബ്യയിലെ ഒരു വൃദ്ധന്റെ അടുത്തു തങ്ങി. അദ്ദേഹത്തോടു ഖുറയ്ശികളെ സംബന്ധിച്ചും മുഹമ്മദ്(സ)നെ സംബന്ധിച്ചും അദ്ദേഹത്തിന്റെ കൂട്ടുകാരെ സംബന്ധിച്ചും അന്വേഷിച്ചു. അവരെ കുറിച്ച് എന്തുവിവരമാണുള്ളതെന്ന് ചോദിച്ചു.*(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 421, ഗസ്‌വയെ ബദ്റുൽകുബ്റാ, ദാറുൽകുതുബുൽ ഇൽമിയ്യ 2001)(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 207, ദിക്റു മഗാസിയ്യ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)*

ബദ്ർ മൈതാനത്ത് സംഘടിച്ചപ്പോൾ നബി(സ) തിരുമേനിക്കുവേണ്ടി ഒരു കൂടാരം ഉണ്ടാ

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family Ahmadiyya Jama-ath Kakkanad, Kerala**

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family Ahmadiyya Jama-ath Vaniyambalam, Kerala**

ക്കി. അതിന്റെ തയ്യാറെടുപ്പിനെ പറ്റി പറയുന്നു: ഔസ് ഗോത്രത്തലവൻ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായപ്രകാരം സ്വഹാബാക്കൾ മൈതാനത്തിൽ ഒരു ഭാഗത്ത് നബി(സ)തിരുമേനിക്കുവേണ്ടി ഒരു കൂടാരം തയ്യാറാക്കി. നബി(സ)തിരുമേനിയുടെ യാത്രാവാഹനത്തെ ആ ടെന്റിന്റെ അടുക്കൽ കെട്ടിയശേഷം സഅ്ദ്(റ) പറഞ്ഞു; യാ റസൂലുല്ലാഹ്! അങ്ങ് ഈ കൂടാരത്തിൽ കഴിഞ്ഞാലും. ഞങ്ങൾ ദൈവനാമത്തിൽ ശത്രുക്കളോട് പടപൊരുതാം. സഅ്ദും മറ്റു ചില അൻസ്വാറും അതിന് ചുറ്റും കാവൽനില്ക്കാൻ കൂടാരത്തിൽ രാത്രി കഴിച്ചുകൂട്ടി. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) ഈ താവളത്തിൽ ഊരിപ്പിടിച്ച വാളുമേന്തി നബി(സ) തിരുമേനിക്ക് കാവൽ നില്ക്കുകയുണ്ടായി. നബി(സ)തിരുമേനി രാത്രി മുഴുവൻ കരഞ്ഞ് ദുആ ചെയ്തുകൊണ്ടിരുന്നു. എഴുതുന്നു: 'രാത്രി മുഴുവൻ ഉറക്കമിളച്ചത് അദ്ദേഹം മാത്രമായിരുന്നു. മറ്റെല്ലാവരും ഊഴമനുസരിച്ച് ഉറങ്ങുകയുണ്ടായി.'*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 357)(സുബുലുൽഹുദാ, വാല്യം 11, പേജ് 398, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ധൈര്യത്തെ പറ്റി ഹദ്റത്ത് അലിയുടെ ഒരു നിവേദനമുണ്ട്. അദ്ദേഹത്തിൽനിന്ന് നിവേദനം. അദ്ദേഹം സ്വഹാബാക്കളുടെ ഒരു സംഘത്തോട് ചോദിച്ചു: 'എനിക്ക് ജനങ്ങളിൽവെച്ച് ഏറ്റവും ധൈര്യവാനായ വ്യക്തിയെ പറ്റി പറഞ്ഞു തരൂ! അത് ചോദിച്ചപ്പോൾ ജനങ്ങൾ പറഞ്ഞു: അങ്ങ് അതായത് ഹദ്റത്ത് അലി തന്നെ! ഹദ്റത്ത് അലി പറഞ്ഞു: ജനങ്ങളിലേറ്റവും അധികം ധീരനായ വ്യക്തി ഹദ്റത്ത് അബൂബക്ർ ആകുന്നു. ബദ്ർ ദിവസം ഞങ്ങൾ നബി(സ) തിരുമേനിക്കുവേണ്ടി തമ്പുകെട്ടി. പിന്നെ ഞങ്ങൾ ചോദിച്ചു ആരാണ് നബി(സ)തിരുമേനിയുടെ കൂടെ കഴിയുക. അതായത് ശത്രു നബി(സ)തിരുമേനിയുടെ അടുക്കലെത്തുന്നത് തടയാൻ! അല്ലാഹുവാണെ! ഞങ്ങളിലാരും നബി(സ)തിരുമേനിയുടെ അടുക്കൽ പോയില്ല. എന്നാൽ, ഹദ്റത്ത് അബൂബക്ർ ഊരിപ്പിടിച്ച വാളുമായി നബി(സ)തിരുമേനിയുടെ ശിരസിന് സമീപം വന്നുനിന്നു. അതായത് ആദ്യം അബൂബക്റിനെ നേരിട്ടതിനുശേഷമല്ലാതെ ഒരു മുശ്രിക്കിനും നബി(സ)തിരുമേനിയുടെ അടുക്കൽ എത്താൻ സാധ്യമല്ല. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 214, ബാബു ദിക്റു മഗാസിയ്യ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2002)*

ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് അലി(റ) പറഞ്ഞു: സ്വഹാബാക്കളിൽ ഏറ്റവുമധികം ധീരൻ ഹദ്റത്ത് അബൂബക്ർ(റ) ആകുന്നു. പിന്നെ അദ്ദേഹം പറയുന്നു: ബദ്ർ യുദ്ധത്തിൽ നബി(സ) തിരുമേനിക്കു വെവ്വേറെതന്നെ ചതുര ടെന്റ് തയ്യാറാക്കിയിരുന്നു. ആ സമയത്ത് നബി(സ) തിരുമേനിക്ക് ആരാണ് കാവൽ നില്ക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക എന്ന ചോദ്യം ഉയർന്നു. അപ്പോൾ ഉടൻതന്നെ ഹദ്റത്ത് അബൂബക്ർ(റ) ഊരിപ്പിടിച്ച വാളുമായി എഴുന്നേൽക്കുകയും അത്യധികം ഭയാനകമായ ആ സന്ദർഭത്തിൽ വളരെ ധീരതയോടെ നബി(സ) തിരുമേനിയെ സംരക്ഷിക്കുമെന്നുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.*(തഫ്സീറെ കബീർ വാല്യം 7, പേജ് 364-365)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)വിവരിച്ചു. നബി(സ)തിരുമേനി പറഞ്ഞു: (അവിടന്ന്) ബദ്ർ ദിവസം ഒരു വലിയ കൂടാരത്തിൽലായിരുന്നു: **അല്ലാഹുമ്മ ഇന്നീ അൻശുദുക്ക വ അഹ്ദക്ക വ വഅ്ദക്ക അല്ലാഹുമ്മ ഇൻ ശിഅ്ത്ത ലം തുഅ്ബുദ് ബഅ്ദൽയൗമി** അല്ലാഹുവേ! ഞാൻ നിന്നോട് നിന്റെ തന്നെ ഉടമ്പടിയേയും നിന്റെതന്നെ വാഗ്ദാനത്തേയും ആണയിട്ടുകൊണ്ട് അർഥിക്കുകയാണ്, അല്ലയോ എന്റെ നാഥാ! നീ തന്നെ മുസ്ലിമീങ്ങളുടെ നാശം ആഗ്രഹിക്കുകയാണെങ്കിൽ ഇന്നേക്കുശേഷം നിന്നെ ആരാധിക്കുന്നവർ ആരുമുണ്ടാകുന്നതല്ല.

ഇത്രയുമായപ്പോൾ ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ കൈ പിടിച്ചു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! മതിയാക്കിയാലും.' അദ്ദേഹം പറഞ്ഞു: 'അങ്ങയുടെ റബ്ബിനോട് അർഥിക്കുന്നതിൽ അങ്ങ് വളരെയേറെ നിർബന്ധം ചെലുത്തുന്നു.' നബി(സ)തിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു. അവിടന്ന് കൂടാരത്തിൽനിന്ന് പുറത്തിറങ്ങി. നബി(സ)തിരുമേനി ഇങ്ങനെ ചൊല്ലുന്നുണ്ടായിരുന്നു. **സയുഹ്സമുൽജംഉ വ യുവല്ലൂനദ്ദുബുറു ബലിസ്സാഅത്തു മൗയിദുഹും വസ്സാഅത്തു അദ്ഹാ വ അമർറു**(55:46-47)

ആ സൈന്യസമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും. അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. എന്നാൽ. ആ സമയം അവരുടെ നിശ്ചിത അവധിയാണ്. ആ സമയം ഏറ്റവും ആപൽക്കരവും കടുത്ത തിക്തവുമായിരിക്കും. *(സ്വഹീഹുൽബുഖാരി കിതാബുൽജിഹാദ് വസ്സിയർ, ബാബു മാ ഖീല ഫീ ദർയി നബിയ്യി(സ)വൽഖമീസ് ഫിൽഹർബി, ഹദീഥ് 2915)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)പറയുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് എന്നോട് പറഞ്ഞു: ബദ്ർ ദിനത്തിൽ നബി(സ) തിരുമേനി മുശ്രികീങ്ങളെ നോക്കി. അവർ 1000 പേരുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ 319 പേരായിരുന്നു. അല്ലാഹുവിന്റെ നബി(സ) ഖിബ്ലക്ക് അഭിമുഖമായി നിന്നു. പിന്നെ തന്റെ രണ്ടു കൈയുമുയർത്തി തന്റെ നാഥനെ അത്യുച്ചത്തിൽ വിളിച്ചുകൊണ്ടിരുന്നു: **അല്ലാഹുമ്മ അൻജിസ്ലീ മാ വഅദ്ത്തനീ അല്ലാഹുമ്മ ആത്തി മാ വഅദ്ത്തനീ അല്ലാഹുമ്മ ഇൻ തുഹ്ലിക് ഹാദിഹിൽയിസ്വാബത്ത മിൻ അഹ്ലിൽഇസ്ലാമി ലാ തുഅ്ബദ് ഫിൽഅർളി**

അല്ലാഹുവേ! നീ എന്നോട് ചെയ്ത വാഗ്ദാനങ്ങൾ പൂർത്തീകരിക്കേണമേ! അല്ലാഹുവേ! നീ എന്നോട് വാഗ്ദാനം ചെയ്തതെല്ലാം നീ എനിക്ക് നല്കേണമേ! നീ മുസ്ലിമീങ്ങളുടെ ഈ സംഘത്തെ നശിപ്പിച്ചാൽ ഭൂമിയിൽ നിന്റെ ആരാധന ഉണ്ടാകുന്നതല്ല.

ഖിബ്ലക്ക് അഭിമുഖമായിനിന്ന് രണ്ടുകൈകളും ഉയർത്ത് നബി(സ)തിരുമേനി തന്റെ നാഥനെ വിളിച്ചുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിയുടെ പുതപ്പ് അവിടത്തെ ചുമലിൽനിന്ന് വീണുപോയി. ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അവിടത്തെ പുതപ്പെടുത്ത് ചുമലിൽ ഇട്ടുകൊടുത്തു. പിന്നെ നബി(സ)തിരുമേനിയുടെ പിന്നിലൂടെ കെട്ടിപ്പിടിച്ച് പറഞ്ഞു: 'അല്ലാഹുവിന്റെ നബിയേ! അങ്ങ് അങ്ങയുടെ നാഥന് മുന്നിൽ ഉള്ളുരുകി ചെയ്ത പ്രാർഥനകൾ അങ്ങയ്ക്ക് മതിയായതാണ്. അവൻ അങ്ങയോട് ചെയ്ത വാഗ്ദാനങ്ങൾ തീർചയായും നിറവേറ്റുന്നതാണ്. ആ സമയത്ത് അല്ലാഹു ഈ ആയത്ത് ഇറക്കി. ഇദിതസ്ത്തഗീഥൂന റബ്ബക്കും ഫസ്തജാബലക്കും അന്നീ മുമിദ്ദുക്കും ബി അൽഫിൻ മ്മിനൽമലാഇക്കത്തി മുർദിഫീൻ(8:10)

നിങ്ങളുടെ നാഥനോട് നിങ്ങൾ സഹായം തേടിക്കൊണ്ടിരുന്ന സന്ദർഭം സ്മരിക്കുക. അപ്പോൾ അവൻ നിങ്ങളുടെ അർഥന സ്വീകരിച്ചുകൊണ്ട് വാഗ്ദാനം നല്കി. ഞാൻ തീർചയായും തുടരെത്തുടരെ വരുന്ന ആയിരം മലക്കുകളെക്കൊണ്ട് നിങ്ങളെ സഹായിക്കുന്നതാണ്. ചുരുക്കത്തിൽ മലക്കുകളെക്കൊണ്ട് നബി(സ)തിരുമേനിയെ സഹായിക്കുകയുണ്ടായി. *(സ്വഹീഹ് മുസ്ലിം, കിതാബുൽജിഹാദ് വസ്സിയർ ബാബു അൽഇംദാദു ബിൽമലാഇക്കത്തി ഫീ ഗസ്വത്തി ബദ്ർ വ അബാഹത്തുൽഗിനാഇം ഹദീഥ് നമ്പർ 4588)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ബദ്ർ സംഭവം സ്മരിച്ചുകൊണ്ട് ഇങ്ങനെ എഴുതുന്നു: 'നബി(സ)തിരുമേനി സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് ഇത്രയും കൂടി പറഞ്ഞു: 'സത്യനിഷേധികളുടെ സൈന്യങ്ങളിൽ ആത്മാർഥമായ സന്തോഷത്തോടു കൂടിയല്ല ചിലർ പങ്കെടുത്തിട്ടുള്ളത്. മറിച്ച് ഖുറയ്ശി ദുഷ്ടന്മാരുടെ സമ്മർദത്താലാണ് പങ്കെടുക്കുന്നത്. അല്ലാതെ മനസ്സുകൊണ്ട് നമ്മോട് എതിർപുള്ളവരല്ല. അതുപോലെതന്നെ ആ സൈന്യത്തിൽ മക്കയിൽ നമ്മൾ ഉണ്ടായിരുന്ന സമയത്ത് നമ്മളോടു നല്ല രീതിയിൽ പെരുമാറിയിരുന്നവരുമുണ്ട്. ഇനി അവരോട് ഔദാര്യത്തിന് പ്രത്യുപകാരം ചെയ്യേണ്ട കടമ നമ്മുടേതാണ്. അതുകൊണ്ട് അത്തരം ഏതെങ്കിലും വ്യക്തിയെ കൈയിൽ കിട്ടിയാൽ അയാൾക്ക് ഒരു പ്രയാസവും ഏല്പിക്കരുത്. നബി(സ)തിരുമേനി അവർ ഒന്നാമത്തെ കൂട്ടരിൽ അബ്ബാസ് ബിൻ മുത്ത്വലിബിന്റെയും രണ്ടാമത്തെ കൂട്ടരിൽ അബുൽ ബഖ്തരിയുടെയും പേരുകൾ പറയുകയുണ്ടായി. അവരെ വധിക്കുന്നത് വിലക്കുകയുണ്ടായി. പക്ഷേ, ചില സങ്കീർണാവസ്ഥകൾ സംജാതമായപ്പോൾ അബുൽ ബഖ്തരിക്ക് വധത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന് മരണത്തിന് മുമ്പേ നബി(സ) തിരുമേനി അയാളെ വധിക്കുന്നത് വിലക്കിയിരുന്നെന്ന് മനസ്സിലായിരുന്നു. സ്വഹാബാക്കളോട് ഇത്രയും പറഞ്ഞശേഷം നബി(സ) തിരുമേനി വീണ്ടും കൂടാരത്തിൽ പോയി ദുആയിൽ വ്യാപൃതനായി. ഹദ്റത്ത് അബൂബക്റും കൂടെയുണ്ടായിരുന്നു. കൂടാരത്തിന് ചുറ്റും അൻസ്വാറിലെ ഒരു സംഘം സഅ്ദ് ബിൻ മുആദിന്റെ നേതൃത്വത്തിൽ കാവൽ നിന്നിരുന്നു. കുറച്ചു സമയത്തിനകം മൈതാനത്തുനിന്ന് ആ ബഹളം ഉയർന്നു. ഖുറയ്ശികൾ പൊതു ആക്രമണം തുടങ്ങിയെന്ന് തോന്നി. ആ സമയത്ത് നബി(സ)തിരുമേനി വളരെ ആർദ്രതയോടെ അല്ലാഹുവിന് മുന്നിൽ കൈകളുയർത്തി ദുആ ചെയ്യുകയായിരുന്നു. വളരെ ഗതിമുട്ടിയ അവസ്ഥയിൽ അവിടന്ന് ഇങ്ങനെ പറയുകയായിരുന്നു. **അല്ലാഹുമ്മ ഇന്നീ അൻശദുക്ക അഹ്ദക്ക വ വഅ്ദക്ക അല്ലാഹുമ്മ ഇൻ തുഹ്ലിക് ഹാദിഹിൽയിസ്വാബത്ത മിൻ അഹ്ലിൽഇസ്ലാമി ലാ തുഅ്ബദ് ഫിൽഅർളി**

എന്റെ നാഥാ! നിന്റെ വാഗ്ദാനങ്ങൾ പൂർത്തി

ശേഷം പേജ് 12ൽ

പേജ് 5 ൽ നിന്ന്

കൊടുത്തു.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 226-227)*

ഈ സംഭവം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ബുഖാരിയിലെ ഒരു ഉദ്ധരണി രേഖപ്പെടുത്തിക്കൊണ്ടു പറയുന്നു:"ബുഖാരിയിൽ ബറാഅ് ബിൻ ആസിബിന്റെ നിവേദനമുണ്ട്. നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ അൻസ്വാറിനുണ്ടായ സന്തോഷം മറ്റൊരു അവസരത്തിലും ഞാനവരിൽ കണ്ടിട്ടില്ല.'

തിർമുദിയും ഇബ്നുമാജയും അനസ് ബിൻ മാലിക്കിൽനിന്ന് രിവായത്ത് ചെയ്തിട്ടുണ്ട്. നബി(സ)തിരുമേനി വന്നപ്പോൾ ഞങ്ങൾക്കു വേണ്ടി മദീന പ്രകാശമാനമായതായി ഞങ്ങൾക്കു തോന്നി. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഞങ്ങൾക്ക് മദീന നഗരം ആ ദിവസത്തെക്കാൾകൂടുതൽ ഇരുണ്ടതായി ഒരിക്കലും കാണാൻ കഴിഞ്ഞിട്ടില്ല.

വരവേറ്റവരുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നബി(സ)തിരുമേനി എന്തോ വിചാരത്തോടെ -അതിനെകുറിച്ചൊന്നും ചരിത്രത്തിൽ വന്നിട്ടില്ല-നേരെ നഗരത്തിൽ പ്രവേശിച്ചില്ല. പ്രത്യുത വലതു ഭാഗത്തു മാറി മദീനായിലെ ഉയർന്ന ഭാഗത്തുള്ള ജനവാസകേന്ദ്രത്തിൽ-അത് യഥാർഥ നഗരത്തിൽനിന്ന് രണ്ടുരണ്ടരമൈൽ ദൂരത്തായിരുന്നു, അതിന്റെ പേര് ഖുബാ എന്നായിരുന്നു-അവിടേക്കു പോയി. ഇവിടെ അൻസ്വാറിന്റെ ചില കുടുംബങ്ങൾ താമസിച്ചിരുന്നു. അതിൽ കൂടുതൽ ശ്രേഷ്ഠർ അംറ് ബിൻ ഔഫിന്റെ കുടുംബക്കാരായിരുന്നു. അക്കാലത്ത് ആ കുടുംബത്തിന്റെ നേതാവ് കുൽഥൂം ബിൻ അൽഹിദ്മ് ആയിരുന്നു. ഖുബായിലെ അൻസ്വാർ നബി(സ)തിരുമേനിക്ക് ഗംഭീരമായ വരവേൽപാണ് നല്കിയത്. അവിടന്ന് കുൽഥൂം ബിൻ അൽഹിദ്മിന്റെ വീട്ടിൽ താമസിച്ചു. നബി(സ)തിരുമേനിക്കു മുമ്പേ മദീനയിലെത്തിയിരുന്ന മുഹാജിരീങ്ങളും അധികവും കുൽഥൂം ബിൻ അൽഹിദ്മിന്റെ വീട്ടിലും മറ്റു ആദരണീയരായ അൻസ്വാറിന്റെ വീട്ടിലും താമസിച്ചു. ഇക്കാരണത്താലായിരിക്കാം അവിടന്ന് ഏറ്റവുമാദ്യം ഖുബായിൽ താമസിക്കാൻ ഇഷ്ടപ്പെട്ടത്!ക്ഷണത്തിൽ നബി(സ)തിരുമേനി എത്തിയവിവരം മദീനമുഴുവൻ പരന്നു. എല്ലാ മുസ്‌ലിമീങ്ങളും സന്തോഷാവേശത്താൽ പുളകിതരായി കൂട്ടംകൂട്ടമായി അവിടത്തെ താമസസ്ഥലത്ത് സംഘടിക്കാൻ തുടങ്ങി.'*(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 264-265)*

ഖുബായിലെ മസ്ജിദ് നിർമാണത്തെ കുറിച്ച് പറയുന്നു, നബി(സ)തിരുമേനി ഖുബായിൽ താമസിക്കുന്നതിന്നിടയിൽ ഒരു മസ്ജിദിന് തറക്കല്ലിട്ടു. അതിനെ മസ്ജിദ് ഖുബാ എന്നു പറയുന്നു. സ്വഹീഹ് ബുഖാരിയിൽ വരുന്നുണ്ട്, നബി(സ)തിരുമേനി ബനൂ അംറ് ബിൻ ഔഫിന്റെ മഹല്ലിൽ പത്തിലധികം ദിവസം താമസിച്ചു. അനന്തരം തഖ്‌വായിലധിഷ്ഠിതമായ മസ്ജിദിന് അടിത്തറയിട്ടു. നബി(സ)തിരുമേനി അതിൽവച്ച് നമസ്കരിച്ചു. *(ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബു ഹിജ്റത്തുന്നബിയ്യി(സ)വ അസ്ഹാബിഹീ ഇലൽമദീനത്തി, ഹദീഥ് നമ്പർ 3906)*

നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ബനൂ അംറ് ബിൻ ഔഫിനുവേണ്ടി മസ്ജിദിന് അടിത്തറയിട്ടു. നബി(സ)തിരുമേനി അതിന് അടിത്തറയിട്ടപ്പോൾ ഏറ്റവുമാദ്യം അവിടന്ന് ഖബീലയുടെ ഭാഗത്ത് ഒരു കല്ലു വെച്ചു. പിന്നീട് ഹദ്റത്ത് അബൂബക്ർ ഒരു കല്ലുകൊണ്ടുവന്ന് വെച്ചു. പിന്നീട് ഹദ്റത്ത് ഉമർ(റ)ഒരു കല്ല് കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ർ വെച്ച കല്ലിനോടു ചേർത്തു വെച്ചു. പിന്നീട് എല്ലാവരും നിർമാണത്തിൽ വ്യാപൃതരായി. ഖുബാമസ്ജിദിന്റെ നിർമാണം നടന്നുകൊണ്ടിരിക്കുമ്പോൾ നബി(സ)തിരുമേനി ഒരു കല്ലുകൊണ്ടുവന്നു. അത് അവിടന്ന് തന്റെ വയറിനോടു ചേർത്തുപിടിച്ചിരുന്നു. ഘനമുള്ള കല്ലായിരുന്നു. പിന്നീട് അവിടന്ന് ആ കല്ല് വെക്കുമായിരുന്നു. ആ കല്ലൊന്നു മാറ്റിവെക്കാൻ ആരെങ്കിലും ആഗ്രഹിച്ചാൽ അതിനു സാധിക്കുമായിരുന്നില്ല. അത്രയ്ക്ക് ഘനമായിരുന്നു അതിന്. അവിടന്ന് ആ കല്ലു വിട്ടേക്കുക, വേറെ കല്ലെടുക്കുക എന്നു അയാളോടു പറയുമായിരുന്നു.*(അർറൗളുൽ അൻഫ്, വാല്യം 2, പേജ് 332, തഅ്സീസ് മസ്ജിദ് ഖുബാ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മസ്ജിദ് ഖുബായെ സംബന്ധിച്ച്, അതിന്റെ അടിത്തറ തഖ്‌വയിലധിഷ്ഠിതമായി വെക്കപ്പെട്ടതാണെന്ന് വന്നിരിക്കുന്നു. എന്നാൽ, ചില നിവേദനങ്ങളിൽ മസ്ജിദ് നബവിയാണ് അതെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അടിത്തറ തഖ്‌വായിൽ വെക്കപ്പെട്ടിരിക്കുന്നു. സീറത്ത് ഹൽബിയായിൽ പറയുന്നു, ഈ രണ്ടു അഭിപ്രായങ്ങളിലും വൈരുദ്ധ്യമൊന്നുമില്ല. കാരണം ഈ രണ്ടുമസ്ജിദുകളിൽ ഓരോന്നിന്റേയും അടിത്തറ തഖ്‌വയിൽതന്നെയാണ് വെക്കപ്പെട്ടിട്ടുള്ളത്. ഇതിനെ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)ന്റെ വാക്കുകൾ സാക്ഷീകരിക്കുന്നു. ഈ നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം മദീനയിലെ എല്ലാ മസ്ജിദുകളുടേയും അതിൽ ഖുബായിലെ മസ്ജിദും പെടുന്നു അടിത്തറ തഖ്‌വയിൽത്തന്നെയാണ് വെക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, ഏതൊന്നിനെ കുറിച്ച് ആയത്ത് ഇറങ്ങിയോ അത് മസ്ജിദ് ഖുബാ തന്നെയാണ്.'*(അസ്സീറത്തുൽഹൽബിയ വാല്യം 2, പേജ് 75, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

പത്തോ പതിനാലോ ദിവസത്തെ താമസത്തിനുശേഷം ജുമുഅ ദിവസം നബി(സ)തിരുമേനി ഖുബായിൽനിന്ന് മദീനയിലേക്ക് പുറപ്പെട്ടു. വഴിയിൽ ബനൂ സാലിം ബിൻ ഔഫിന്റെ വാസസ്ഥലത്തെത്തിയപ്പോൾ ജുമുഅയുടെ സമയമായി. നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോടൊപ്പം റാനൂനാഅ് താഴ്‌വരയിലെ മസ്ജിദിൽ ജുമുഅ നമസ്കരിപ്പിച്ചു.നൂറു പേരാണ് അതിൽ പങ്കെടുത്തത്. റാനൂനാഅ് താഴ്‌വര മദീനയുടെ തെക്കുഭാഗത്താണ് സ്ഥിതിചെയ്യുന്നത്. അവിടന്ന് ഈ മസ്ജിദിൽ ജുമുഅ നമസ്കരിപ്പിച്ചപ്പോൾമുതൽ ആ മസ്ജിദ് മസ്ജിദുൽ ജുമുഅ എന്ന് പറയപ്പെടാൻ തുടങ്ങി. മദീനയിൽ നബി(സ) നിർവഹിച്ച ആദ്യ ജുമുഅ ആയിരുന്നു ഇത്. *(അസ്സീറത്തുൽഹൽബിയ വാല്യം 2, പേജ് 81, ബാബുൽഹിജ്റത്തി ഇലൽ മദീനത്തി, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002) (അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം പേജ് 349, ബാബു ഹിജ്റത്തുർറസൂൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(അറ്റ്ലസ് സീറത്ത് നബവി പേജ് 168)*

ഇതു പിന്നീട് അവിടെ നിർമിച്ചതാകാനും ഇടയുണ്ട്. ഈ സ്ഥലത്ത് ജുമുഅ നമസ്കരിച്ച കാരണത്താൽ അതിന്റെ പേരു വെച്ചതുമാകാം. പിന്നീട് പറയുന്നത് ജുമുഅ നമസ്കാരത്തിനുശേഷം നബി(സ)തിരുമേനി തന്റെ ഒട്ടകത്തിനുമേൽ യാത്ര ചെയ്ത് മദീനയിലേക്ക് പുറപ്പെട്ടുവെന്നാണ്. ആ നേരത്ത് അവിടന്ന് ഹദ്റത്ത് അബൂബക്റിനെ പിന്നിലിരുത്തിയിരുന്നു.*(ശറഹ് അസ്സുർഖാനീ അലാ മവാഹിബുല്ലദുന്നീ ഭാഗം 2, പേജ് 157, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

സമ്മാനത്തിന്റെ അത്യാഗ്രഹത്താൽ ധാരാളമുളുകൾ നബി(സ)തിരുമേനിയെ പിന്തുടരാൻ ശ്രമിച്ചു.

ഒരു സംഭവം ചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ബുറയ്ദത്തു ബിൻ ഹുസ്വയ്ബ് വിവരിക്കുന്നു. ഖുറയ്ശികൾ അതിനുവേണ്ടി 100 ഒട്ടകം സമ്മാനം നിശ്ചയിച്ചപ്പോൾ അതായത് ജീവനോടെയോ അല്ലാതെയോ മുഹമ്മദിനെ പിടിച്ചുകൊണ്ടുവരുന്നതിന്, എന്നേയും അത്യാഗ്രഹം അതിന് പ്രേരിപ്പിച്ചു. അപ്പോൾ ഞാൻ ബനൂതയ്യിമിലെ 70 ആളുകളോടൊപ്പം യാത്ര പുറപ്പെട്ടു. നബി(സ)തിരുമേനിയെ കണ്ടു. താങ്കളാരാണെന്ന് അവിടന്ന് ചോദിച്ചു. ബുറയ്ദ എന്ന് ഞാൻ പറഞ്ഞു. അതുകേട്ട് നബി(സ)തിരുമേനി അബൂബക്റിലേക്ക് ശ്രദ്ധതിരിച്ചു. അദ്ദേഹത്തോടു പറഞ്ഞു: അബൂബക്റേ!നമ്മുടെ കാര്യം തണുക്കുകയും ശരിയാകുകയും ചെയ്തിരിക്കുന്നു. താങ്കൾ ഏതു ഗോത്രത്തിൽനിന്നുളളയാളാണെന്ന് പിന്നീട് അവിടന്ന് ചോദിച്ചു. അസ്‌ലം ഗോത്രമെന്ന് ഞാൻ പറഞ്ഞു. സമാധാനത്തിലിരിക്കുക എന്ന് അവിടന്ന് പറഞ്ഞു. ആരുടെ സന്തതികളിൽപ്പെട്ടയാളാണെന്ന് അവിടന്ന് ചോദിച്ചു. ബനൂസഹ്മിന്റെ എന്ന് ഞാൻ പറഞ്ഞു. അബൂബക്റേ! താങ്കളുടേതും സഹ്മാണ്. അതായത് താങ്കളുടെ ഭാഗ്യം പുറത്തുവന്നിരിക്കുന്നു. പിന്നീട് ബുറയ്ദ നബി(സ)തിരുമേനിയോടു ചോദിച്ചു: അങ്ങ് ആരാണ്? ഞാൻ മുഹമ്മദ് ബിൻ അബ്ദുല്ലാ, അല്ലാഹുവിന്റെ റസൂലാണെന്ന് അവിടന്ന് പറഞ്ഞു. അപ്പോൾ ബുറയ്ദ പറഞ്ഞു:അല്ലാഹുവിനെക്കൂടാതെ ഒരു ദൈവവുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. പിന്നീട് ബുറയ്ദ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന എല്ലാവരും! ബുറയ്ദ പറഞ്ഞു: സർവസ്തുതിയും അല്ലാഹുവിനാകുന്നു. സഹ്മ് ഗോത്രം മനഃസന്തോഷത്തോടെ ഒരു ബലാൽക്കാരവുംകൂടാതെ ഇസ്‌ലാം സ്വീകരിച്ചു. നേരം വെളുത്തപ്പോൾ ബുറയ്ദ പറഞ്ഞു: യാ റസൂലല്ലാഹ്! മദീനയിൽ അങ്ങ് പ്രവേശിക്കുന്നത് ഒരു പതാകയുമായിട്ടായിരിക്കണം. പിന്നീട് അദ്ദേഹം തന്റെ തലേക്കെട്ട് തലയിൽനിന്നിറക്കി. അതു തന്റെ കുന്തത്തിൽകെട്ടി. നബിയുടെ മുമ്പിൽ നടക്കാൻ തുടങ്ങി. അങ്ങനെ മുസ്‌ലിമീങ്ങൾ മദീനയിൽ പ്രവേശിച്ചു.*(ശറഹ് അസ്സുർഖാനീ അലാ മവാഹിബുല്ലദുന്നീ ഭാഗം 2, പേജ് 148, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996) (അസ്സീറത്തുൽഹൽബിയ വാല്യം 2, പേജ് 71, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

സ്വഹീഹ് ബുഖാരിയിൽ നബി(സ)തിരുമേനിയുടെ മദീന ആഗമനത്തെ സംബന്ധിച്ച് വന്നിട്ടുള്ള ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ രിവായത്ത് ഇപ്രകാരമാണ്: നബി(സ)തിരുമേനി മദീനയിൽനിന്ന് വന്നപ്പോൾ മേലെ മദീനയിൽ നിവസിച്ചിരുന്ന ബനൂ അംറ് ബിൻ ഔഫ് ഗോത്രത്തിലാണ് ഇറങ്ങിത്താമസിച്ചത്. അങ്ങനെ 14 രാത്രി നബി(സ) തിരുമേനി അവിടെ താമസിച്ചു. പിന്നീട് നബി(സ)തിരുമേനി ബനൂ

നജ്ജാർ ഗോത്രത്തിലേക്ക് ആളെ അയച്ചു. അവർ കഴുത്തിൽ വാളുകൾ കെട്ടിത്തൂക്കിക്കൊണ്ടാണ് വന്നത്. ആ കാഴ്ച ഇതാ ഇപ്പോഴും എന്റെ കൺമുമ്പിലുണ്ട്. നബി(സ)തിരുമേനി തന്റെ വാഹനത്തിനുമേൽ കയറിയിരിക്കുകയും അബൂബക്ർ അവിടത്തെ പിന്നിലിരിക്കുകയും ബനൂനജ്ജാർ ഗോത്രത്തിലെ നേതാക്കന്മാർ അവർക്കകമ്പടി സേവിക്കുകയും ചെയ്ത സംഭവം. അങ്ങനെ നബി(സ)തിരുമേനി അബൂഅയ്യൂബിൽ അൻസ്വാരിയുടെ മുറ്റത്തു ചെന്നിറങ്ങി.*(സ്വഹീഹ് ബുഖാരി, കിതാബുസ്സ്വലാത്ത്, ഹദീഥ് 428)*

ഇതിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഖുബായിൽ 10 ദിവസത്തിലധികം താമസിച്ചതിനുശേഷം ജുമുഅ ദിവസം നബി(സ)തിരുമേനി മദീനയുടെ ഉൾഭാഗത്തേക്ക് പുറപ്പെട്ടു. അൻസ്വാറിന്റേയും മുഹാജിരീന്റേയും വലിയൊരു സംഘം അവിടത്തോടൊപ്പമുണ്ടായിരുന്നു. അവിടന്ന് ഒരു ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)നബി(സ)തിരുമേനിയുടെ പിന്നിലുണ്ടായിരുന്നു. ഈ യാത്രാസംഘം പതുക്കെപ്പതുക്കെ നഗരത്തിലേക്ക് മുന്നേറാൻ തുടങ്ങി. വഴിയിൽവെച്ചുതന്നെ ജുമുഅയുടെ സമയമായി. നബി(സ)തിരുമേനി ബനൂ സാലിം ബിൻ ഔഫിന്റെ മുഹല്ലയിൽ തങ്ങി സ്വഹാബത്തിനെ സംബോധന ചെയ്ത് ഖുത്ബ നല്കുകയും ജുമുഅ നമസ്കാരം നിർവഹിക്കുകയും ചെയ്തു. ചരിത്രകാരന്മാർ എഴുതുന്നു:ഇതിനുമുമ്പേ ജുമുഅ തുടങ്ങിക്കഴിഞ്ഞിരുന്നുവെങ്കിലും അവിടന്ന് സ്വയം നിർവഹിച്ച ആദ്യത്തെ ജുമുഅ ആയിരുന്നു ഇത്. അതിനുശേഷമാണ് ജമുഅ നമസ്കാരത്തിന്റെ രീതി ഔദ്യോഗികമായി തുടങ്ങിയത്.' (ഇവിടേയും മനസ്സിലാകുന്നത് ആ മസ്ജിദ് പിന്നീട് നിർമിക്കപ്പെട്ടതാണെന്നാണ്)

ജുമുഅ കഴിഞ്ഞ് അവിടത്തെ യാത്രാ സംഘം മെല്ലെ മെല്ലെ മുന്നോട്ടു നീങ്ങി. വഴിയിൽ മുസ്‌ലിമീങ്ങളുടെ വീടുകളുടെ അടുത്തൂടെയാണ് അവിടന്ന് പോയിരുന്നത്. അവർ സ്നേഹാവേശത്തോടെ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു,'യാ റസൂലല്ലാഹ്!ഈ ഞങ്ങളുടെ വീടും ഞങ്ങളുടെ മുതലും ജീവനും ഹാജറാണ്. ഞങ്ങളുടെ പക്കൽ സംരക്ഷണത്തിനുള്ള ഏർപാടുമുണ്ട്. അങ്ങ് ഞങ്ങളുടെ അടുത്ത് താമസിച്ചാലും.' നബി(സ)തിരുമേനി അവരുടെ നന്മക്കായി പ്രാർഥിച്ചുകൊണ്ടിരുന്നു. മെല്ലെ മെല്ലെ നഗരത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. മുസ്‌ലിം സ്ത്രീകളും പെൺകുട്ടികളും സന്തോഷാധിക്യത്താൽ തങ്ങളുടെ വീടുകളുടെ മുകളിൽ കയറി സ്വാഗതഗാനം ആലപിക്കാൻ തുടങ്ങി:

**ത്വലഅൽബദ്റു അലയ്നാ**
**മിൻഥനിയ്യാത്തിൽ വദായി**
**വജബശ്ശുക്റു അലയ്നാ**
**മാ ദആ ലില്ലാഹി ദായി**

"അതായത് പതിനാലാം രാവിലെ ചന്ദ്രൻ ഇന്ന് നമ്മുടെ മേലെ അൽവദായ്ക്ക് പിന്നിലൂടെ പൊങ്ങി പ്രകാശിക്കുകയാണ്. ദൈവത്തിലേക്ക് നമ്മെ വിളിക്കുന്ന ആൾ നമുക്കിടയിലുള്ളിടത്തോളം ദൈവത്തിന് നന്ദി പറയാൻ നാം ബാധ്യസ്ഥരാകുന്നു.''*(ഹൽബിയ്യ)*

മുസ്‌ലിം കുട്ടികൾ മദീനയിലെ ഇടവഴികളിൽ മുഹമ്മദു റസൂലുല്ലാഹ് ആഗതരായി എന്ന് പാടിക്കൊണ്ട് ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. മദീനയിലെ ഹബ്ശീ അടിമകൾ നബി(സ)തിരുമേനി വന്നതിന്റെ സന്തോഷത്താൽ വാളിന്റെ അഭ്യാസം കാഴ്ചവെച്ചുകൊണ്ട് ചുറ്റിക്കറങ്ങി. അവിടന്ന് നഗരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ഓരോരുത്തരും ആഗ്രഹിച്ചത് അല്ലാഹുവിന്റെ റസൂൽ തങ്ങളോടൊപ്പം താമസിക്കണമെന്നായിരുന്നു. ഓരോരുത്തരും അഹമഹമികയാ തങ്ങളുടെ സേവനം സമർപിക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി എല്ലാവരോടും സ്നേഹത്തോടെ സംസാരിക്കുകയും മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു. അങ്ങനെ അവിടത്തെ ഒട്ടകം ബനൂനജ്ജാറിന്റെ മുഹല്ലയിലെത്തി. ഇവിടെ ബനൂനജ്ജാറിലെ ആളുകൾ ആയുധധാരികളായി അണികളായി നബി(സ) തിരുമേനിയെ വരവേൽക്കാൻ നിന്നിരുന്നു. ഗോത്രത്തിലെ പെൺകുട്ടികൾ ദഫുമുട്ടിമുട്ടി ഈ ഗാനം ആലപിക്കുന്നുണ്ടായിരുന്നു:

**നഹ്നു ജവാരിൻ മിൻ ബനീ നജ്ജാരി**
**യാ ഹബ്ബദാ മുഹമ്മദൻ മിൻ ജാരി**

അതായത് ഞങ്ങൾ ബനൂനജ്ജാർ ഗോത്രത്തിലെ പെൺകുട്ടികളാണ്. മുഹമ്മദു റസൂലുല്ലാഹ് ഞങ്ങളുടെ മുഹല്ലയിൽ താമസിക്കാൻ വന്നിരിക്കുന്നതിൽ ഞങ്ങൾ എത്രഭാഗ്യവതികളാണ്.*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 266-267)*

നബി(സ)തിരുമേനി തന്റേയും ഹദ്റത്ത് അബൂബക്റിന്റേയും കുടുംബക്കാരെ മദീനയിൽ വിളിപ്പിച്ച സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: മക്കയിൽ തന്റെ കുടുംബത്തെയും മറ്റു ബന്ധുക്കളെയും കൂട്ടിക്കൊണ്ടു വരുന്നതിനു നബി(സ) തിരുമേനി പിന്നീട് സയ്ദിനെ അയച്ചു. നബി(സ) തിരുമേനിയും അനുയായികളും ആസൂത്രിതമായ ഒരു പദ്ധതി പ്രകാരം പെട്ടന്നു മക്കയിൽനിന്നു അപ്രത്യക്ഷരായപ്പോൾ മക്കക്കാർ യഥാർഥത്തിൽ വിഡ്ഢികളാക്കപ്പെടുകയാണുണ്ടായത്! തൻനിമിത്തം, അവർ കുറച്ചു കാലത്തേക്ക് നബി(സ)തിരുമേനിയെ മുഷിപ്പിക്കുന്ന ഒന്നും ചെയ്തില്ല. നബി(സ)തിരുമേനിയുടെയും ഹദ്റത്ത് അബൂബക്റിന്റെയും കുടുംബങ്ങൾ മക്ക വിട്ടുപോകുന്ന ഘട്ടത്തിൽ അവർ വിഷമങ്ങളുണ്ടാക്കാൻ മുതിർന്നില്ല. രണ്ടു കുടുംബങ്ങളും പ്രയാസമൊന്നും കൂടാതെ മദീനയിലെത്തിച്ചേർന്നു. ഇതിനിടയിൽ വില കൊടുത്തു വാങ്ങിയ സ്ഥലത്തു നബി(സ)തിരുമേനി ഒരു മസ്ജിദിന് തറക്കല്ലിട്ടു. ഇതിനുശേഷം തനിക്കും തന്റെ സഖാക്കൾക്കും വീടുകൾ പണിയാനാരംഭിച്ചു. *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 230)*

മദീന ഹിജ്റത്തിനുശേഷം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)സുൻഹിൽ ഹദ്റത്ത് ഖുബയ്ഹ് ബിൻ ഇസാഫിന്റെ വീട്ടിൽ താമസിച്ചു. സുൻഹ് മദീനയിലെ പ്രാന്തപ്രദേശങ്ങളിൽപ്പെട്ട ഒരു സ്ഥലമാണ്. അത് മസ്ജിദ് നബ്‌വിയിൽനിന്ന് രണ്ടുമൈൽ ദൂരത്താണ്. ഹദ്റത്ത് ഖുബയ്ബിന്റെ ബന്ധം ബനൂ ഹാരിഥ് ബിൻ ഖസ്റജുമായിട്ടായിരുന്നു. ഒരു ഖൗൽ അനുസരിച്ച് ഹദ്റത്ത് അബൂബക്റിന്റെ താമസം ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ വീട്ടിലായിരുന്നു.*(അസ്സീറത്തുൽഹൽബിയ്യ ലിഇബ്നി ഹിശാം പേജ് 348, ബാബു ഹിജ്റത്തുർറസൂൽ(സ), ദാറുൽകുതുബുൽഇൽമിയ്യ 2001)*

ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് അബൂബക്ർ(റ)സുൻഹിൽത്തന്നെ തന്റെ വീടും തുണി ഫാക്ട്രിയും നിർമിച്ചിരുന്നു.*(മഖാലാത്തെ സീറത്ത്, വാള്യം 3, പേജ് 131, മക്തബൽഇസ് ലാമിയ്യ, ലാഹോർ 2016)*ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇപ്പോൾ കുറച്ച് പരേതാത്മാക്കളെ അനുസ്മരിക്കുകയാണ്. ആദ്യത്തെ അനുസ്മരണം ചൗദരി അസ്ഗർ അലി സാഹിബിനെ കുറിച്ചാണ്. അദ്ദേഹം അസീറാനെ രാഹെ മൗലാ ആയിരുന്നു. ഇദ്ദേഹം മുഹമ്മദ് ശരീഫ് സാഹിബ് കിലാർ ബഹാഉൽപൂരിന്റെ മകനായിരുന്നു. ജനുവരി 10-ാം തിയതി തടവറയിൽ സുഖമില്ലാതെയായി. അവിടെ ആശുപത്രിയിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ശഹീദുമാരിൽമമമ മമമമമമമമപ്പെടുന്നതായിരിക്കും.

വിവരങ്ങളനുസരിച്ച് പരേതന്നെതിരിൽ 2021 സെപ്റ്റംബർ 24 ന് ബഹാഉൽപൂർ ബഗ്ദാദുൽജദീദ് പോലീസ് സ്റ്റേഷനിൽ 295-ഇ വകുപ്പ് നുബുവ്വത്ത് നിന്ദാ കുറ്റം ചുമത്തി (നഊദുബില്ലാഹ്) കേസെടുത്തു. അഹ്മദികളുടെ മേൽ പ്രവാചകനിന്ദാകുറ്റം എളുപ്പത്തിൽ ചുമത്തുന്നു. അതിൻപ്രകാരം കേസെടുത്തു. സെപ്റ്റ്ബർ 26ന് അറസ്റ്റു ചെയ്തു. അറസ്റ്റിനുശേഷം പരേതൻ ബഹാഉൽപൂർ ജയിലിൽ ആയിരുന്നു. ജയിലിൽ രക്തം ഛർദ്ദിച്ചതിനെ തുടർന്ന് ആരോഗ്യം മോശമായി. അങ്ങനെ പരേതനെ 2022 ജനുവരി 4 ന് ബഹാഉൽപൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ ചികിത്സയിലായിരുന്നു. ജനുവരി 10 ന് രാവിലെ സ്വുബ്ഹി നമസ്കാരത്തിനുമുമ്പേ ആ തടവിന്റെ അവസ്ഥയിൽത്തന്നെ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 70 വയസ്സായിരുന്നു.

പരേതന്റെ ജാമ്യാപേക്ഷ കോടതയിൽ നടക്കുകയായിരുന്നു. 8-ാം തിയതിയായിരുന്നു ജാമ്യത്തിന്റെ വിചാരണ. എന്നാൽ, പോലീസ് രേഖകളുമായി വന്നില്ല. അപ്പോൾ ജഡ്ജി കേസ് 11-ാം തിയതിയിലേക്ക് മാറ്റി. പക്ഷേ, വിധിവരുന്നതിനുമുമ്പേ പരേതൻ യഥാർഥ ഉടമസ്ഥന്റെ സന്നിധിയിൽ ഹാജരായി. പരേതൻ മൂന്നുമാസവും 15 ദിവസവും തടവിൽ കഴിഞ്ഞു.

പരേതൻ 1971-ൽ മെട്രിക് ചെയ്തതിനുശേഷം സ്വയം ബയ്അത്തു ചെയ്ത് അഹ്മദിയ്യത്ത് സ്വീകരിക്കുകയായിരുന്നു. തന്റെ കുടുംബത്തിൽ ഏക അഹ്മദിയായിരുന്നു. അഹ്മദിയ്യത്തിൽ ചേർന്നതിനുശേഷം എതിർപുകൾ നേരിട്ടുകൊണ്ടിരുന്നു. അതുണ്ടായിട്ടും ഉറച്ചുനിന്നു. എഫ് സി കോളേജിൽനിന്ന് അദ്ദേഹം എം.എസ്സ്.സി മാറ്റ്സിൽ മാസ്റ്റർ ബിരുദം നേടി. വിദ്യാഭ്യാസ കാലത്ത് അഹ് മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ മാതാപിതാക്കൾ സാമ്പത്തിക സഹായം അവസാനിപ്പിച്ചു. അഹ്മദിയ്യത്ത് ഉപേക്ഷിച്ചാൽ വരും കാലങ്ങളിൽ വിദ്യഭ്യാസസഹായം നല്കാമെന്ന നിബന്ധനവെച്ചു. അങ്ങനെയൊക്കെയായിട്ടും പരേതൻ ഉറച്ചുനിന്നു. കുട്ടികൾക്ക് ട്യൂഷൻ പഠിപ്പിച്ച് തന്റെ വിദ്യഭ്യാസ ചെലവുകൾ പൂർത്തിയാക്കിക്കൊണ്ടിരുന്നു. എങ്കിലും പരേതന്റെ പിതാവ് പരേതന്റെ സ്ഥൈര്യത്തിലും തഖ്‌വയിലും ആകർഷിതനായി പിന്നീട് എതിർപുകൾ ഉപേക്ഷിച്ചു. അഹ്മദി മകൻ അനഹ്മദി പിതാവിന്റെ അനന്തരാവകാശത്തിൽ ഭാഗഭാക്കല്ലാതെ ആകുമോ എന്ന

ആശങ്കയാൽ തന്റെ ജീവിതത്തിൽത്തന്നെ അദ്ദേഹം ഇദ്ദേഹത്തിന്റെ പേരിൽ ഇദ്ദേഹത്തിന്റെ ഭാഗം മാറ്റിയിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഇദ്ദേഹത്തോടു ഈ നന്മ ചെയ്തു. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആറിലൊന്ന് വസിയ്യത്ത് ചെയ്തിരുന്നു. സാമ്പത്തിക ആഹ്വാനങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുന്നയാളായിരുന്നു. പുതുവർഷവിളംബരം ഉണ്ടാകുന്നതിനോടൊപ്പം തന്നെ നൂറു ശതമാനവും അടയ്ക്കുമായിരുന്നു. അഹ് മദിയ്യ ഖിലാഫത്തിനോടു അത്യധികമായ സ്നേഹമായിരുന്നു. വാഖ്ഫീനെ സിന്ദഗിമാരേയും കേന്ദ്രത്തിൽനിന്നു വരുന്ന അതിഥികളേയും സ്വീകരിക്കുകയും അതിഥിസൽക്കാരം നല്കുകയും ചെയ്തിരുന്നു. അവരെ അങ്ങേയറ്റം ആദരിച്ചിരുന്നു. ജമാഅത്തിന് പര്യടനം നടത്താൻ തന്റെ വാഹനം വിട്ടുകൊടുത്തിരുന്നു. തബ്ലീഗ് ചെയ്യാൻ വളരെ താൽപര്യമായിരുന്നു. ധൈര്യവും തന്റേടവുമുള്ള ദായീ ഇലല്ലാഹ് ആയിരുന്നു. അദ്ദേഹത്തിന് പല സൗഭാഗ്യവാന്മാർക്കും സന്ദേശം എത്തിക്കാനും അവർക്ക് ജമാഅത്തിൽ ബയ്അത്തു ചെയ്ത് ചേരാനും തൗഫീഖും കിട്ടിയിരുന്നു. നോമ്പും നമസ്കാരവും കൂടാതെ തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ആളുമായിരുന്നു. സാധുക്കളെ സഹായിക്കുകയും സൃഷ്ടിസേവനം നടത്തുകയും ചെയ്യുന്ന ജനങ്ങൾക്ക് ഉപകാരമുള്ള വ്യക്തിത്വമായിരുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയും എതിർത്തിട്ടും ധാർമികപരമായ സേവനത്തിന് തൗഫീഖ് കിട്ടി. പരേതന് ശഹീദാകാൻ വളരെ ആഗ്രഹമായിരുന്നു. അതു ഈ രീതിയിൽ അല്ലാഹു പൂർത്തിയാക്കി.

പരേതന്റെ ഭാര്യ പറഞ്ഞു:ജയിലിൽ കൂടിക്കാഴ്ച നടത്തുന്നതിനിടയിൽ പരേതൻ, 'അല്ലാഹുവിൽനിന്ന് തനിക്ക് മൂന്നുപ്രാവശ്യം സലാമത്തിയുടെ സന്ദേശം ലഭിച്ചു' എന്ന് പറഞ്ഞു. രണ്ടാമത്തെ സ്വപ്നത്തിൽ വിവരിച്ചു:ഞാൻ ജയിലിൽനിന്ന് എന്റെ മയ്യിത്ത് പുറപ്പെടുന്നതായി കണ്ടു. നാളിം അൻസാറുല്ലാഹ്, ബഹാഉൽപൂർ നഗരത്തിന്റെ സയീമെ അഅ്ലാ, സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ്, സെക്രട്ടറി വഖ്ഫെ ജദീദ്, ജില്ല സെക്രട്ടറി ഇസ്ലാഹ് വ ഇർശാദ് എന്നീ നിലകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വഫാത്തിന്റെ നേരത്ത് ജില്ല ഖാളിയുമായിരുന്നു. പരേതന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ, രണ്ടു ആൺമക്കളും ഒരു പെൺകുട്ടിയുമുണ്ട്. ഇദ്ദേഹത്തിന്റെ ഒരു മകൻ വിദേശത്താണ്. മകളും കനഡയിലാണ്. അല്ലാഹു അസ്ഗർ അലി കിലാർ സാഹിബിനോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് സ്വബ്റെ ജമീൽ നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ചുവടുകളിലൂടെ നടക്കാൻ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

മറ്റു അസീറാനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് മോചനത്തിനുള്ള മാർഗം തുറക്കുമാറാകട്ടെ.

വക്കാലത്ത് ഉൽയാ റബ്വയിലെ ഉദ്യോഗസ്ഥൻ മിർസാ മുംതാസ് അഹ്മദ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണമാണ് അടുത്തത്. 85-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇദ്ദേഹത്തിന്റെ പിതാവ് ക്യാപ്റ്റൻ ഡോക്ടർ ശേർ മുഹമ്മദ് ആലി സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം 1923-ൽ ബയ്അത്ത് ചെയ്തു. മിർസാ മുംതാസ് സാഹിബ് 1964-ൽ ഏപ്രിൽമാസത്തിൽ ദഫ്തർ അമാനത്ത് തഹ്രീക്കെ ജദീദിൽ ക്ലാർക്ക് എന്ന നിലയിൽ സേവനം ആരംഭിച്ചു. അവസാന ശ്വാസംവരെ 58 വർഷംവരെ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ വിവാഹം ചൗദ്ദരീ മുളഫ്ഫറുദ്ദീൻ സാഹിബ് ബംഗ്ലാളിയുടെ മകൾ മാജിദ ബീഗവുമായി നടന്നു. അവരിൽനിന്ന് അദ്ദേഹത്തിന് രണ്ടു ആൺമക്കളേയും ഒരു മകളേയും നല്കി.

ഇദ്ദേഹത്തിന്റെ ദൗഹിത്രൻ ഖാലിദ് മൻസ്വൂർ സാഹിബ് എഴുതുന്നു:മാതാമഹൻ എപ്പോഴും ജമാഅത്തിന്റെ സേവനത്തിൽ സന്നദ്ധനായിരിക്കണമെന്ന് ഉപദേശിക്കുമായിരുന്നു. എപ്പോഴും ബജമാഅത്ത് നമസ്കാരത്തിന്റെ പ്രാധാന്യം പറയുമായിരുന്നു. പറയുന്നു, എന്റെ പിതാവ് വഫാത്തായതിനുശേഷം മാതാമഹൻ എനിക്ക് അതിന്റെ കുറവ് അറിയാൻ വിട്ടിരുന്നില്ല. എപ്പോഴും അദ്ദേഹത്തെ എന്റെ സുഹൃത്തായി കണ്ടു. എപ്പോഴും ജമാഅത്തിന്റെ സേവനങ്ങളിൽ വ്യാപൃതനായി കണ്ടു. മാതൃകാപരമായ സുഹൃത്ത്, പിതാവ്, ജമാഅത്തിന്റെമാതൃകായോഗ്യനായി ഉദ്യോഗസ്ഥനുമായിരുന്നു. എല്ലാവരോടും സ്നേഹത്തോടും വാത്സല്യത്തോടുംകൂടി പെരുമാറുമായിരുന്നു. കൃത്യനിഷ്ഠ കൃത്യമായി പാലിച്ചിരുന്നു. അതിന്റെ പ്രാധാന്യം പറയുമായിരുന്നു.

അദ്ദേഹത്തോടൊപ്പം ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥൻ സയീദ് നാസിർ സാഹിബ് പറയുന്നു: സുദീർഘകാലം അദ്ദേഹത്തോടൊപ്പം ജോലി ചെയ്യാൻ എനിക്ക് അവസരം കിട്ടി. വളരെ വൃത്തിയായി ജോലി ചെയ്യുമായിരുന്നു. തന്റെ ജോലി പൂർത്തിയാക്കിയതിനുശേഷം തന്റെ കൂടെയുള്ളവരുടെ ജോലികളിലും സഹായിച്ചിരുന്നു.

ഒരു മുറബ്ബി ലുഖ്മാൻ ഥാഖിബ് സാഹിബ് പറയുന്നു: ആരോഗ്യം മോശമായിരുന്നിട്ടും തന്നിലർപിതമായ ജോലികൾ നല്ലവണ്ണം എടുത്തിരുന്നു. അവസാനം സമയംവരെ ഓർമശക്തി ശ്രേഷ്ഠമായിരുന്നു. വർഷങ്ങൾക്കുമുമ്പേയുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചു ചോദിച്ചാൽ ക്ഷണത്തിൽ പറയുമായിരുന്നു. ഇക്കാര്യം ഇന്ന ഫൈലിൽ ഇന്നയിടത്തുണ്ടെന്ന്! ഫലിതങ്ങൾഇഷ്ടപ്പെട്ടിരുന്നു. നല്ലവണ്ണം ആസ്വദിക്കുമായിരുന്നു. പക്ഷേ, അനാവശ്യമായി കാര്യങ്ങളും വിടുവായത്തവും അദ്ദേഹത്തിന്റെസ്വഭാവത്തിൽ ഉണ്ടായിരുന്നില്ല. തന്റെ ജോലി ചെയ്തതിനുശേഷം ബാക്കിവരുന്ന സമയം ഓഫീസിൽത്തന്നെ ഇരുന്നുകൊണ്ട് പഴയ ഫൈലെടുത്ത് അത് വായിക്കുമായിരുന്നു.

ഡോക്ടർ സുൽത്താൻ മുബശ്ശിർ അദ്ദേഹത്തെ കുറിച്ച് എഴുതുന്നു: വലിയ വിനയമായിരുന്നു. ഒരു സീനിയർ ഉദ്യോഗസ്ഥനായിരിന്നിട്ടും ആശുപത്രിയിൽ വരുമ്പോൾ തന്റെ ഊഴം കാത്തിരിക്കുമായിരുന്നു. ഒരിക്കലും തിടുക്കം കാണിച്ചിരുന്നില്ല. അദ്ദേഹത്തിൽ നന്ദിപ്രകടനത്തിന്റേയും പ്രത്യുപകാരത്തിന്റേയും വലിയ സവിശേഷതയുണ്ടായിരുന്നു. സ്വബ്റിന്റെ ബീജവും അദ്ദേഹത്തിൽ ധാരാളമുണ്ടായിരുന്നു. ദീർഘകാലത്തെ രോഗത്തിന്റെ ബുദ്ധിമുട്ടുകൾ അധികമായിരുന്നിട്ടും അദ്ദേഹം ഒരിക്കലും അക്ഷമ പ്രകടിപ്പിച്ചിരുന്നില്ല. ഓഫീസിലെ വളരെ കുറച്ചുപേരുടെ വൃത്തമല്ലാതെ കൂടുതൽ വൃത്തവുമുണ്ടായിരുന്നില്ല.

എപ്പോഴും ഞാനും അദ്ദേഹത്തെ മൗനപ്രകൃതനായിട്ടാണ് കണ്ടിരുന്നത്. തന്റെ കുറച്ച് സുഹൃത്തുക്കളോടൊപ്പമാണ് ഉണ്ടാകാറുള്ളത്. വീട്ടിൽനിന്ന് ഓഫീസും ഓഫീസിൽനിന്ന് വീടുമായിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ മാമൂൽ. എന്നാൽ, വളരെ കഠിനാധ്വാനിയായിരുന്നു. വളരെ ആത്മാർഥതയോടും കൂറോടും കൂടി അദ്ദേഹം ജീവിച്ചു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ചുവടുകളിലൂടെ നടക്കാൻ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത അനുസ്മരണം കർണൽ റിട്ടയേർഡ് ഡോക്ടർ അബ്ദുൽ ഖാലിഖ് സാഹിബിന്റേതാണ്. അദ്ദേഹം ഫള്ലെ ഉമർ ഹോസ്പിറ്റലിലെ മുൻല അഡ്മിനിസ്ട്രേറ്ററായിരുന്നു. 97-ാം വയസ്സിൽ കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാവ് മിയാൻ മുഹമ്മദ് ആലം സാഹിബു മുഖേനയാണ് വന്നത്. അദ്ദേഹം 1919-ൽ ബയ്അത്തു ചെയ്തു. ഡോക്ടർ അബ്ദുൽഖാലിഖ് സാഹിബ് 1938 ലാണ് ബയ്അത്ത് ചെയ്തത്. തന്റെ ബയ്അത്തിനെ കുറിച്ച് അദ്ദേഹം പറയുന്നു:ഞങ്ങളുടെ അബ്ബാജാൻ അൽഫള്ൽ പത്രം വരുത്താറുണ്ടായിരുന്നു. അതിന്റെ വായന മുഖേന അഹ് മദിയ്യത്തിൽ ആകർഷിതനായി. 1936 ൽ ഞങ്ങൾ മൂന്നു സഹോദരിസഹോദരന്മാർ ബയ്അത്ത് ചെയ്തു. മാതാവ് നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്നവരായിരുന്നു. ഞങ്ങൾ ബയ്അത്ത് ചെയ്ത് കുറച്ചുകാലം കഴിഞ്ഞപ്പോൾ അവരും ബയ്അത്തു ചെയ്തു. 1939 ലെ ജൽസയിൽ -അത് ജൂബിലി വർഷമായിരുന്നു-ആദ്യമായി ഖാദിയാനിൽ പോയി. അതിനുശേഷം മിക്ക ജൽസയിലും പോകാൻ അവസരം കിട്ടി. 1987 ൽ അദ്ദേഹത്തിന്റെ ഭാര്യ വഫാത്തായി. അദ്ദേഹത്തിന് രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമാണ്.

അദ്ദേഹത്തിന്റെ ഒരു മകൻ ഡോക്ടർ അബ്ദുൽബാരി, ഇസ്ലാമാബാദ് അഹ്മദിയ്യാ ജമാഅത്തിന്റെ അമീറാണ്. 1974-ൽ ഭൂട്ടോ സർക്കാർ അഹ്മദികളെ അമുസ്ലിം ആക്കാനുള്ള അക്രമപരമായ നിയമം അംഗീകരിച്ചപ്പോൾ ഡോക്ടർ സാഹിബ് സർക്കാർ ജോലി രാജിവച്ചു. നുസ്റത്ത് ജഹാൻ സ്കീമിന്റെ കീഴിൽ തന്റെ സേവനങ്ങൾ സമർപിച്ചു. കേന്ദ്രത്തിൽനിന്ന് അദ്ദേഹത്തെ 1977-ൽ സിയറ ലിയോൺ അയച്ചു. അവിടെ അദ്ദേഹത്തിന് മൂന്നു വർഷം സൃഷ്ടിസേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് 1992-ൽ ജകഅതാഷ്ക്കന്റിലേക്ക് വ്യോമസർവീസ് ആരംഭിച്ചു. അപ്പോൾ ഡോക്ടർ സാഹിബ് ആ അവസരം ഉചിതമെന്ന് മനസ്സിലാക്കി. താഷ്കെന്റ്(Thashkent)ലും ഉസ്ബക്കിസ്ഥാൻ(Uzbekistan)ലും വഖ്ഫെ ആർസിയിൽ പോകാൻ അപേക്ഷ നല്കി. കേന്ദ്രം ഈ അപേക്ഷ സ്വീകരിച്ചു. അപ്പോൾ അദ്ദേഹം തന്റെ ചെറിയ സഹോദരിയോടൊപ്പം സമർഖന്ദിലും ബുഖാറയിലും വഖ്ഫെ ആർസിയുടെ ദിനങ്ങൾ കഴിച്ചു. അക്കാലത്ത് അതുല്യമായ ജനസേവനവും ചെയ്തു. അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കാനും അദ്ദേഹത്തി

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ *Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 24 February 2022 Issue-8

**MANAGER**
**SHAIKH MUJAHID AHMAD**

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)


ന് തൗഫീഖ് കിട്ടി. 1994-ല്‍ ഹദ്റത്ത് ഖലീഫത്തുല്‍മസീഹ് റാബിഅ്[റഹ്]അദ്ദേഹത്തെ ഫള്‌ലെ ഉമര്‍ ഹോസ്പിറ്റല്‍ റബ്‌വയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. ഇവിടെ അദ്ദേഹത്തിന് 2005 വരെ ഏകദേശം പത്തു വര്‍ഷത്തിലധികം സേവനത്തിന് തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ കാലത്ത് ഫള്‌ലെ ഉമര്‍ ഹോസ്പിറ്റലില്‍ നിര്‍മാണപരമായ പല വികസന പ്രവൃത്തികളും പൂര്‍ത്തിയായി. ഇദ്ദേഹത്തെ കുറിച്ച് 80, 81 വര്‍ഷത്തെ പ്രായത്തിലെത്തിയതിനുശേഷവും അവിടത്തെ സേവനാവേശം യുവാവായിരുന്നുവെന്ന് ഏതോകുട്ടി പറയുകയുണ്ടായി. പക്ഷേ, തനിക്ക് വാര്‍ധക്യം വരുന്നുണ്ടെന്ന് അദ്ദേഹത്തിന് തോന്നിത്തുടങ്ങിയിരുന്നു. അതുകൊണ്ട് 2005-ല്‍ അപേക്ഷ കൊടുത്തു. അദ്ദേഹം എന്നോടു പറഞ്ഞു. പിന്നീട് റിട്ടയേര്‍ഡ്മെന്റ് ആയി. അവിടെനിന്ന് വിരമിച്ചു. പിന്നീട് അദ്ദേഹം ഇസ് ലാമാബാദില്‍ സ്ഥിരമായി താമസം തുടങ്ങി. അവിടെ ഇസ് ലാമാബാദിലും 'മഖാമീഖാളി' എന്ന നിലയില്‍ സേവനങ്ങള്‍ ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹത്തിന്റെ മൂത്ത മകന്‍ ഡോക്ടര്‍ അബ്ദുല്‍ബാരി പറയുന്നു, മക്കളുടെ ദീനീപരവും ധാര്‍മികപരവുമായ തര്‍ബിയ്യത്തിനെ സംബന്ധിച്ച് അദ്ദേഹത്തിന് എപ്പോഴും ചിന്തയായിരുന്നു. വിശുദ്ധ ഖുര്‍ആന്‍ രാവിലേയും വൈകുന്നേരവും എന്നല്ല എല്ലാനേരവും പാരാണം ചെയ്തുകൊണ്ടിരുന്നു. വളരെ പ്രിയപ്പെട്ട മനോവിനോദമായിരുന്നു അത്. സുപ്രധാന കാര്യങ്ങളില്‍ എല്ലാ തീരുമാനങ്ങളും വിശുദ്ധ ഖുര്‍ആനിന്റെ വെളിച്ചത്തിലായിരുന്നു എടുത്തിരുന്നത്.

അദ്ദേഹത്തിന്റെ ജാമാതാവ് ഡോക്ടര്‍ മുളഫര്‍ അലി നാസിര്‍ -ഇദ്ദേഹവും വാഹ്കന്റ് ജില്ലയുടെ നാഇബ് അമീറാണ്-പറയുന്നു:ഇന്നുവരെ രാപ്പകല്‍ ഇത്രയധികം വിശുദ്ധ ഖുര്‍ആന്‍ പാരായണം ചെയ്യുന്നയാളെ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹത്തിന് വിശുദ്ധ ഖുര്‍ആനോടു പ്രേമമായിരുന്നു. ഒരിക്കല്‍ ആശുപത്രിയില്‍നിന്ന് ഡിസ്ചാര്‍ജായപ്പോള്‍ തങ്ങളെ ആര് ഇനി ഖുര്‍ആന്‍ കേള്‍പ്പിക്കുമെന്ന് പറഞ്ഞ് സ്റ്റാഫ് അസ്വസ്ഥരായി. തണുപ്പ്കാലത്തും ഉഷ്ണകാലത്തും അദ്ദേഹത്തിന്റെ കൃത്യമായുള്ള തഹജ്ജുദ് നമസ്കാരം ഞങ്ങള്‍ക്കു മാതൃകയായിരുന്നു. ഖിലാഫത്തിനോടും ജമാഅത്തിനോടും അഗാധമായ സ്നേഹമായിരുന്നു. വളരെ ലളിതമായ ജീവിതമായിരുന്നു. ഒരിക്കലും ഒരുപരാധിയും ഉന്നയിച്ചിട്ടില്ല.

അദ്ദേഹത്തിന്റെ സഹോദരന്റെ ദൗഹിത്രന്‍ അബ്ദുസ്സമദ് രിള്‌വി എഴുതുന്നു:അദ്ദേഹം അല്ലാഹുവിന്റെ സമ്പ്രീതിക്കുവേണ്ടി എല്ലാ ബുദ്ധിമുട്ടുകളും സഹിച്ചു. തന്റെ സന്തോഷങ്ങളില്‍നിന്ന് പിന്മാറി. പറയുന്നു. അദ്ദേഹത്തിന്റെ റബ്‌വയിലെ വീട്ടില്‍ എനിക്കു പലപ്പോഴും താമസിക്കാന്‍ അവസരം കിട്ടിയിട്ടുണ്ട്. എനിക്ക് അദ്ദേഹത്തിന്റെ അസ്തിത്വം ജീവനുള്ള ദൈവത്തെ തിരിച്ചറിയുന്നതിന് നിമിത്തമായിട്ടുണ്ട്. അദ്ദേഹത്തിന്റെ തഹജ്ജുദ് നമസ്കാരം അതുല്യമായിരുന്നു. ഖിലാഫത്തിനോടുള്ള ആദരവും സ്നേഹവും അദ്ദേഹത്തില്‍ ആഴ്ന്നിറങ്ങിയിരുന്നു. അത് ഞങ്ങളുടെ ഉത്തമമായ തര്‍ബിയ്യത്തിന് നിമിത്തമായി.

ഫള്‌ലെ ഉമര്‍ ഹോസ്പിറ്റലിലെ ഡോക്ടര്‍ അബ്ദുല്‍ ഖാലിഖ് സാഹിബ് പറയുന്നു: ഡോക്ടര്‍ സാഹിബ് ആശുപത്രിയിലെ യുവ ഡോക്ടര്‍മാരോടു സ്നേഹത്തോടും വാത്സല്യത്തോടും കൂടി പെരുമാറിയിരുന്നു. ജൂനിയര്‍ ഡോക്ടര്‍മാര്‍ക്ക് നല്ല നിലയില്‍ ട്രൈനിംഗ് നല്കണമെന്ന് സീനിയര്‍ ഡോക്ടര്‍മാരോടു പ്രത്യേകമായും പറയുമായിരുന്നു. ആശുപത്രിയിലെ മുതലുകള്‍ വിശ്വസ്തതയോടുകൂടി സംരക്ഷിക്കാറുണ്ടായിരുന്നു. ദരിദ്രരും ആവശ്യക്കാരുമായ പാവങ്ങളെ തന്റെ സ്വന്തം പോക്കറ്റില്‍നിന്ന് സഹായിക്കുമായിരുന്നു.

ഡോക്ടര്‍ മുഹമ്മദ് അഹ്മദ് അശ്റഫ് പറയുന്നു: വളരെ നല്ല പ്രകൃതമായിരുന്നു. ലാളിത്യം സഹിഷ്ണുത ഒരുപാടുണ്ടായിരുന്നു. വളരെ വാത്സല്യനിധിയായിരുന്നു. കൂടുതല്‍ സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല. പക്ഷേ, സംഘടനാപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തില്‍ ചെറിയ ചെറിയ കാര്യങ്ങളില്‍പോലും ആഴത്തില്‍ ദൃഷ്ടിപതിപ്പിച്ചിരുന്നു. നിയമങ്ങള്‍ പാലിപ്പിക്കുമായിരുന്നു. ഫള്‌ലെ ഉമര്‍ ഹോസ്പിറ്റലില്‍വരാനും വഖ്ഫെ ആര്‍സി ചെയ്യാനും മറ്റു ഡോക്ടര്‍മാരേയും ജാമാതാക്കളേയും മക്കളേയുംപ്രേരിപ്പിക്കുമായിരുന്നു.

അല്ലാഹു പരേതനോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ നന്മകള്‍ അദ്ദേഹത്തിന്റെ മക്കളിലും തുടര്‍ന്നുകൊണ്ടുപോകുമാറാകട്ടെ. നമസ്കാരങ്ങള്‍ക്കുശേഷം ഇവരുടെ ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

**പേജ് 8 ല്‍ നിന്ന്**

യാക്കേണമേ. എന്റെ ഉടമസ്ഥനായ നാഥാ, ഇന്ന് മുസ്‌ലിമീങ്ങളുടെ ഈ സംഘം പരാജയപ്പെട്ടാല്‍ ലോകത്ത് നിന്നെ ആരാധിക്കാന്‍ ആരുമുണ്ടാകുന്നതല്ല.

ആ സമയത്ത് നബി[സ]തിരുമേനി എത്രമാത്രം അസ്വസ്ഥനായിരുന്നുവെന്നാല്‍ ചിലപ്പോള്‍ അവിടന്ന് സുജൂദില്‍ പോയിരുന്നു. ചിലപ്പോള്‍ എഴുന്നേറ്റുനിന്ന് അല്ലാഹുവിനെ വിളിച്ചിരുന്നു. നബി[സ]തിരുമേനിയുടെ പുതപ്പ് കൂടെക്കൂടെ തോളില്‍നിന്ന് വീണുകൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്ര്‍ അത് കൂടെ ക്കൂടെ എടുത്ത് നബി[സ]തിരുമേനിക്കുമേല്‍ ഇട്ടുകൊണ്ടിരുന്നു.

ഹദ്റത്ത് അലി[റ] പറയുന്നു: എനിക്ക് യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോള്‍ നബി[സ]തിരുമേനിയെ കുറിച്ച് ചിന്ത വരുകേയും ഞാന്‍ നബി[സ]തിരുമേനിയുടെ കൂടാരത്തിലേക്ക് ഓടുകയും ചെയ്യുമായിരുന്നു. എന്നാല്‍, ഞാന്‍ പോയ സമയത്തൊക്കെ നബി[സ]തിരുമേനി സുജൂദില്‍ കിടന്ന് തേങ്ങുന്നതാണ് കണ്ടത്. നബി[സ]തിരുമേനിയുടെ നാവില്‍ ഞാന്‍ ഈ വാക്കുകളാണ് കേട്ടത്. **യാ ഹയ്യു യാ ഖയ്യൂം, യാ ഹയ്യു യാ ഖയ്യൂം** അതായത്, ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായയുള്ളോവേ! ഹദ്റത്ത് അബൂബക്ര്‍[റ], നബി[സ]തിരുമേനിയുടെ ഈ അവസ്ഥ കണ്ടിട്ട് അസ്വസ്ഥനായിക്കൊണ്ടിരുന്നു. ചിലപ്പോഴെല്ലാം അനിയന്ത്രിതമായി ഇങ്ങനെ പറഞ്ഞിരുന്നു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കള്‍ അങ്ങക്ക് തെണ്ടമായിരിക്കട്ടെ. അങ്ങ് പരിഭ്രമിക്കേണ്ടതില്ല. അല്ലാഹു തന്റെ വാഗ്ദാനം തീര്‍ച്ചയായും പൂര്‍ത്തീകരിക്കുന്നതാണ്. (തുടരും)

**പേജ് 1 ല്‍ നിന്ന്**

യാണെങ്കില്‍ പിന്നെ ചങ്ങല, ചങ്ങലയായിരിക്കുകയില്ല. ഇപ്രകാരം ഭൂമിയുടെ ഉപരിതലത്തില്‍ പരന്നു പോകുകയില്ല. പ്രപഞ്ചത്തില്‍നിന്ന് വസ്തു എടുത്തുമാറ്റുകയാണെങ്കില്‍ മുഴുവന്‍ ലോകവും നിശിച്ചൊടുങ്ങുന്നതാണ്. സമുദ്രം വറ്റിച്ചാല്‍ വെള്ളം ഇല്ലാതാകും. നദികള്‍ വറ്റിച്ചാല്‍ സമുദ്ര വരണ്ടുപോകും. നദികള്‍ക്കുവേണ്ടി വഴി ഉണ്ടാക്കുന്ന താഴ്ന്ന നിലം നികത്തുകയാണെങ്കില്‍ മുഴു ലോകത്തും വെള്ളം പരക്കും. ഭൂമി താമസയോഗ്യമായിരിക്കുകയില്ല. പര്‍വതം ഇല്ലാതാക്കിയാല്‍ അത് ഭൂമിയില്‍ ഭൂകമ്പങ്ങള്‍ കൊണ്ടുവരും. മനുഷ്യന്‍ നശിച്ചൊടുങ്ങും. നദികള്‍ക്കുവേണ്ടുന്ന വെള്ളത്തിന്റെ ഖജനാവ് അവശേഷിക്കുകയില്ല. അത് മുഴുവന്‍ ജലവും ക്ഷണത്തില്‍ സമുദ്രത്തില്‍കൊണ്ടുപോയി പതിപ്പിക്കും. ഒരു ഭാഗത്ത് ലോകം വെള്ളപ്പൊക്കത്തിനു ഇരയാകുമ്പോള്‍ മറുഭാഗത്ത് വര്‍ഷം മുഴുവനുമുള്ള വെള്ളത്തിന്റെ ലഭ്യത ഇല്ലാതാകുന്നതായിരിക്കും. ചന്ദ്രനേയും നക്ഷത്രങ്ങളേയും ഇല്ലാതാക്കിയാല്‍ അവ കാരണത്താലുണ്ടായിട്ടുള്ള ലോക സൃഷ്ടിപ്പിന്റെ സ്വാധീനം പൊയ്പ്പോകുന്നതായിരിക്കും. ഭൂമി അതിന്റെ അവസ്ഥയില്‍ ഇരിക്കുകയില്ല. സൂര്യനെ വേര്‍പെടുത്തിയാല്‍ കാര്‍മേഘങ്ങളുടെ ശൃംഖല ഇല്ലാതാകും. ജനങ്ങള്‍ ജലത്തിനുവേണ്ടി വിഷമിക്കാന്‍ തുടങ്ങും. പച്ചക്കറികളുടെ വിളവ് നിലച്ചുപോകും. മനുഷ്യന്റെ ആരോഗ്യം മോശമാകുന്നതായിരിക്കും. അവന്റെ മാംസാഹാരത്തിനുള്ള സാധ്യത ഇല്ലാതാകും. ചുരുക്കത്തില്‍ ഈ എല്ലാ പ്രപഞ്ചങ്ങളും ഒന്നു ചേര്‍ന്നാണ് മനുഷ്യനെ സേവിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ എല്ലാ ഓരോ ഭാഗവും മറ്റെ ഭാഗം നിലനില്ക്കുന്നതിനുള്ള മാര്‍ഗമാണ്. ഈ അവസ്ഥയാകുമ്പോള്‍ രണ്ടു ദൈവമുണ്ടെന്ന് വിശ്വാസം എങ്ങനെ ശരിയാകാനാണ്. ഒരുപാടു ദൈവങ്ങള്‍ ചേര്‍ന്നാണ് ലോകം സൃഷ്ടിച്ചതെന്ന് പറയുമ്പോള്‍ ഒന്നില്‍നിന്ന് വേറൊന്ന് സ്വതന്ത്രമാണെന്ന് പറയാന്‍ പറ്റിയ ഭാഗമേതാണുള്ളത്? അത് മറ്റാരെങ്കിലും സൃഷ്ടിച്ച ഭാഗമാണെന്ന് എങ്ങനെ മനസ്സിലാക്കാനാണ്? അല്ലാഹുവില്‍ മുഴുവന്‍ പ്രപഞ്ചവും സൃഷിക്കാന്‍ കഴിവില്ലെന്നും അതുകൊണ്ട് നിരവധി ദൈവങ്ങള്‍ ചേര്‍ന്നാണ് സൃഷ്ടിച്ചതെന്നും ആദ്യമെ തയ്യാറാക്കിയ പദ്ധതിപ്രകാരം എല്ലാ ഓരോരുത്തരും അവരവരുടെ ഭാഗം വീതിച്ച് പൂര്‍ത്തിയാക്കിയെന്നും പറയുന്നതിനുപകരം പ്രപഞ്ചം മുഴുവനും ഒരു ചങ്ങലയുടെ കണ്ണികള്‍ ചേര്‍ന്നതാണെന്ന് വരുമ്പോള്‍ അതു സൃഷ്ച്ചിട്ടുള്ള ദൈവം ഏകനാണെന്ന് സമ്മതിക്കേണ്ടിവരും. പക്ഷേ, ഈ വിശ്വാസം ബഹുദൈവാരാധകരുടേതുമല്ല. ആണെങ്കില്‍ത്തന്നെ ബുദ്ധിക്കു വിരുദ്ധവുമാണ്. കാരണം ന്യൂനതയുള്ള വസ്തു ദൈവമായിരിക്കാവതല്ല. അതിനാല്‍ ഈ തെളിവ് നിലവിലുള്ളപ്പോള്‍ ഒരേയൊരു ഫലംമാത്രമെ എടുക്കാന്‍ പറ്റുകയുള്ളു, ഇലാഹുക്കും ഇലാഹുന്‍വ്വാഹിദ് നിങ്ങളുടെ ദൈവ ഏകന്‍തന്നെയാണ്! രണ്ടാമത്തെ വിഷയം ആദ്യത്തെ ആയത്തുകളില്‍ പറയപ്പെട്ടത് ദൈവമെന്ന് പറയപ്പെടുന്ന ആ എല്ലാ അസ്തിത്വവും മരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നതാണ്. അങ്ങനെ അവയെല്ലാം മരിച്ചു കഴിഞ്ഞിരിക്കുമ്പോള്‍ പിന്നേയും ഒരേയൊരു ദൈവം അവശേഷിക്കുന്നു അവന്‍ മരണത്തിന്നതീതനാണ്.*(തഫ്സീറെ കബീര്‍, വാല്യം 4, പേജ് 151, പ്രസാധനം 2010 ഖാദിയാന്‍)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin